

# ഞാൻ എന്തുകൊണ്ട് ഒരു ക്രൈസ്തവനായിരിക്കണം

തോമസ് മർക്കോസ് പൊള്ളയിൽ

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# ഞാൻ എന്തുകൊണ്ടു്
# ഒരു ക്രൈസ്തവനായിരിക്കണം?

തോമസ് മർക്കോസ് പൊള്ളയിൽ

സന്ദേശനിലയം പ്രസിദ്ധീകരണം

malankaralibrary.com

(Malayalam)

NJAN ENTHUKONDU
ORU CHRAISTHAVAN AAYIRIKKANAM?

First Published in April 1981

Printed at
The Sandesanilayam Press,
Changanacherry

Price: Rs. 3/-

Published by
SANDESANILAYAM,
Archbishop's House,
Changanacherry

malankaralibrary.com

# Foreword

Many a Christian youth today is asking the question about his own Christian Identity. In our fast changing world, in the midst of conflicting ideologies and contrasting systems, within an atmosphere of religious syncretism and phylosophical cynicism, many Christians are getting more and more confused about their faith and are faced with the challenging question of their own Christian Identity.

The answer to this question can be only one: Jesus Christ, His unique personality as God's Incarnate Son and Liberator of mankind through the saving event of His death and resurrection; Jesus Christ, "yesterday, today and for ever", whose living Presence in the world gives meaning and value to our human existence. Christianity, then, is not one of the many great religions of the world, neither is it a well developed code of high morality, much less a humanitarian organization. Christianity is the very Person, Event and Presence of Jesus Christ.

To be a Christian means to have encountered the living Christ along the path of one's own existence, to have been seized by Him, to commit oneself totally to His Person and to His cause, which is God's Kingdom of freedom, justice, brotherhood, love and peace already here on earth and for all eternity. In a word, to be a Christian means to become a disciple of Jesus of Nazareth, the crucified and resurrected Son of God, the Lord of history and of the cosmos. Why, then,

malankaralibrary.com

being a Christian? Well, because the Person of Jesus Christ has grasped me, is now possessing me, is drawing me to Himself in order to share His life and mission, becoming one with Him and like Him, being filled with His Spirit, and thus being able to cry together with Him: "Abba, Father"!

Thomas Markose Pollayil, a student of theology in St. Joseph's Seminary, Mangalore, has realized his identity through his personal encounter with Jesus Christ, and is now sharing his personal experience with Christians and non-Christians who are seeking Christ and are asking themselves the same basic question of their own identity or of the meaning of their lives. May this sharing of his personal experience help the readers to attain a deeper encounter with the Lord Jesus, to experience His presence in their lives and thus to live more intensively their baptismal participation in Christ's Paschal Mystery through a life of authentic and even radical discipleship.

V. PIOVESAN, S. J.
Rector & Prof. of Dogmatic Theology
St. Joseph's Seminary
Mangalore

malankaralibrary.com

# ആമന്ത്രണം

നിസ്സംഗതയും നിസ്സഹായതയും കൈമുതലായിട്ടുള്ള മനുഷ്യനെ ആൽബർട്ട് കാമുവും, ഒരു കാശിനും കൊള്ളാത്ത വികാരമായ മനുഷ്യനെ സാർത്രും, ദൈവത്തെ കൊലപ്പെടുത്തി ശ്മശാനത്തിന്റെ നിശ്ശബ്ദതയിൽ അടക്കംചെയ്ത വിജയശ്രീലാളിതനായ മനുഷ്യനെ നീററ്ഷേയും ആധുനികതയുടെ ക്യാൻവാസിൽ വർണ്ണച്ചായങ്ങളിലുല്ലേഖനം ചെയ്യുമ്പോഠം, മനുഷ്യൻ ഒരിത്തിരി ഓർമ്മകളുടെ ഓളങ്ങളായി, പൊട്ടിത്തകന്ന വീണയായി, പളുങ്കുപാത്രമായി, സ്വാത്മമതിയായി, നിസ്സ്വനം നിർമൂലമാക്കിയ വായുയൂപമായി, അലറി അടുക്കുന്ന വ്യാഘ്രമായി സാഹിത്യകാരന്മാർ ജീവന്റെ രക്തത്തിൽ വാർത്തെടുത്ത ലിപികളിലൂടെ അവതരിപ്പിക്കുന്നു. എങ്ങും എവിടെയും ആധുനിക മനുഷ്യന്റെ പ്രജ്ഞയററ ചിത്രമാണ് കാണുക. ശാസ്ത്രസാങ്കേതിക നേട്ടങ്ങളുടെ സ്വർഗ്ഗസോപാനങ്ങളിൽ വിഹരിക്കുന്ന മനുഷ്യനെന്തേ, ഇത്രയും വിലോപചിത്തനായി, നിരാലംബനായി അസ്വസ്ഥനായി കാണപ്പെടുന്നതു്? മനുഷ്യൻ ഒരു കൊച്ചു ദൈവ

malankaralibrary.com

മായി ഉയരുവാൻ ശശിതലങ്ങളെ, സൗരയൂഥത്തെ തന്നെയും കീഴടക്കിയെങ്കിൽ എന്തേ അവനിത്രയും വിഭ്രാന്തിയുടെ ആർത്തിരമ്പുന്ന തിരമാലകളിൽ ഒരു പൊങ്ങായി മാറുന്നു?

കാരണം മററൊന്നുമല്ല, അവൻ വെറും ഭൗതികതയുടെ മാത്രം സൃഷ്ടിയല്ല. അമൂർത്തമായ ആത്മാവിന്റ് ഉടമയും ഭാവവികാരവിജൃംഭിതയുടെ ഒരു യാഥാർത്ഥ്യവുമാണ്. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും സ്വന്തമാകുവാനും സ്വന്തമാക്കപ്പെടുവാനും, അംഗീകരിക്കുവാനും അംഗീകരിക്കപ്പെടുവാനും വെമ്പൽകൊള്ളുന്ന മനുഷ്യൻ. ഇവയുടെ അഭാവം അവന്റെ ഹൃദയത്തിന്റെ അഗാധതയിൽ വ്രണങ്ങളും, മുറിവുകളും ഉണ്ടാക്കുന്നു. ആ വ്രണങ്ങളെ പൊറുപ്പിക്കുവാൻ ആത്മാർത്ഥതയുടെ പനിനീരിൽ അലിയിപ്പിച്ച സ്നേഹത്തിനെ സാധിക്കൂ. ആ മുറിപ്പാടുകൾ സുഖമാക്കപ്പെടണമെങ്കിൽ രണ്ടായിരത്താണ്ടുകൾക്കപ്പുറം യഥാർത്ഥ മനുഷ്യനായി, സമഗ്രമനുഷ്യനായി, സ്നേഹിക്കുവാൻ മാത്രം അറിയാവുന്നവനായി കടന്നുവന്ന യേശുവിനു മാത്രമേ സാധിക്കൂ. എന്നാൽ അവിടുത്തെ പ്രബോധനങ്ങളിലും വ്യവസ്ഥാപിതജീവിത വീഥികളിലും ഊക്കൻപാറകൾ വലിച്ചെറിയുന്നവർ വിരളമല്ല.

അതീന്ദ്രിയമായ പരലോകജീവിതമോ, ശ്മശാനസമാനമായ ജീവിതമോ ആണ് ക്രിസ്തു തന്റെ മതാനുയായികൾക്കു് വാഗ്ദാനം ചെയ്തിട്ടുള്ളതു്. ഈ വിശ്വപ്രപഞ്ചത്തിന്റെ മണിമുററത്തുനിന്നുള്ളൊരു ഒളിച്ചോട്ടമാണ് ക്രിസ്തുമതം; മനുഷ്യന്റെ മാനുഷിക

malankaralibrary.com

മായ സൎവ്വംവിധമായ പുരോഗതിയേയും തടഞ്ഞുനിൎത്തുന്ന ഒന്നാണു് ക്രിസ്തുമതം. മറെറാരു വാക്കിൽ, നീഷേ ഉറക്കെ ചിന്തിക്കുകയാണു്; ഓരോ ക്രൈസ്തവദേവാലയവും മനുഷ്യപുത്രന്റെ ശ്മശാനത്തിനുമീതേ സ്ഥാപിച്ചിരിക്കുന്ന കനമേറിയ ശിലയാണു്. അതിന്റെ ഭാരം മനുഷ്യന്റെ ഉയിർപ്പിനെ അടിച്ചമൎത്തുന്നു. ആധുനികതയുടെ പ്രവാചകസ്വരമാണപോലും! പക്ഷേ ആധുനിക അസ്തിത്വവാദികൾക്കോ, മററു മതസ്ഥാപകരായ കൺഫ്യൂഷ്യസിനോ, ബുദ്ധനോ ജിനനോ, ചരിത്രത്തിൽ ഇന്നു് ഇതേവരെ മഹത്വരമായൊരു ഇതിഹാസം ഉല്ലേഖനംചെയ്യുവാൻ സാധിച്ചില്ല; സ്നേഹത്തിന്റെ മുരളികയിൽ വിമോചകസംഗീതം മീട്ടിയ തച്ചനായ യൗസേപ്പിന്റേയും മേരിയുടേയും തനുജനല്ലാതെ. ഈ ലോകജീവിതത്തിൽ നിന്നുമുള്ളൊരു ഒളിച്ചോട്ടമല്ല, ഇന്നലെകളിലെ അപൂർണ്ണതയ്ക്കു് പൂർണ്ണത നൽകുന്ന ഒന്നാണു് താൻ വിഭാവനംചെയ്തിട്ടുള്ള വ്യവസ്ഥാപിതജീവിതവീഥിയെന്നു് ക്രിസ്തു ലോകജനതയെ ഉദ്ബോധിപ്പിക്കുന്നു; പഠിപ്പിക്കുന്നു.

നമ്മുടെ സ്വാൎത്ഥതയ്ക്കെതിരെ, അഹങ്കാരത്തിനെതിരെ, അസൂയയ്ക്കെതിരെ നാം ചലനാത്മകരാകണമെങ്കിൽ....! ഒററമൂലി ക്രിസ്തുതന്നെ. അവിടുന്നിലേയ്ക്കു് നടന്നടുക്കണം. അവിടുത്തെ വ്യക്തിത്വത്തിൽ അഭേദ്യമായൊരു വിശ്വാസം കെട്ടിപ്പടുത്തു് ഉയൎത്തണം; നാം അവിടുത്തെ ദൈവപുത്രനായി പ്രഖ്യാപിക്കണം. അവിടുന്നു് ദൈവപുത്രനായിരുന്നിട്ടും തുലോം നിസ്സാരമായ മനുഷ്യജീവിതത്തിലേയ്ക്കു കടന്നുവന്നു്, അൎത്ഥശൂന്യമായ മനുഷ്യജീവിതത്തിനു് അൎത്ഥം നൽകിയ

malankaralibrary.com

വനാണെന്നു്, ഭൂമിയെ സ്വർഗ്ഗതലത്തിലേക്കുയർത്തിയ വനാണെന്നു്, അനാദിയിലെ മനുഷ്യാസ്തിത്വത്തിൻെറ ആരംഭകനാണെന്നു് നാം ഹൃദയംകൊണ്ടു് വിശ്വസിക്കുകയും അധരംകൊണ്ടു് പ്രഘോഷിക്കുകയും ചെയ്യണം. ഇതിനുവേണ്ടിയാണു് ക്രിസ്തു ഓരോരുത്തരേയും വിളിച്ചിരിക്കുന്നതു്. ക്രിസ്തുവിൻെറ ഈ വിളി, സമഗ്രമായ വിമോചനത്തിൻെറ വിളി, സ്വാതന്ത്ര്യത്തിൻെറ സാക്ഷാത്തായ വിളി മററൊന്നുമല്ല. അവിടുന്നു് ആരായിരുന്നുവെന്നും എന്തായിരുന്നുവെന്നും നാം വ്യക്തമായി ജീവിതത്തിൽ ഏററു പറയുന്നതിനത്രേ.

ഈ ഏററുപറച്ചിൽ ഇന്നിൻെറ വേദിയിൽ അർത്ഥശൂന്യമാണു്. എന്തെന്നാൽ, ഇതിൽ അന്തർലീനമായിരിക്കുന്ന വിരോധാഭാസവും വൈരുദ്ധ്യതയുംകൊണ്ടു്. 'വേദനിക്കുന്ന ദൈവത്തിനു്, മുറംമൂടിയാൽ മൂടപ്പെട്ട മൃത്യുവക്ത്രനായ ഒരു ദൈവത്തിനു് മനുഷ്യചേതനയെ സംതൃപ്തമാക്കാനാവില്ല' എന്നു് യേശുവിനെക്കുറിച്ചു് ലോകം വിധിയെഴുതുന്നു. മുട്ടിൽനിന്നുകൊണ്ടു് മനുഷ്യർ ദൈവത്തെ ധ്യാനിക്കാറുണ്ടു്. ദൈവവുമായി സംഭാഷിക്കാറുണ്ടു്. എന്നാൽ 'മുട്ടിൽനിന്നു മനുഷ്യനെ സേവിക്കുന്ന, മനുഷ്യൻെറ പാദക്ഷാളനം ചെയ്യുന്ന ദൈവത്തെ, മനസ്സിൽപ്പോലും വിഭാവനം ചെയ്യുക ആർക്കാണു് കഴിയുക. ഇങ്ങനെയുള്ളൊരു വ്യക്തിയിലല്ലേ ക്രൈസ്തവർ വിശ്വസിക്കുക? ഭോഷത്തമല്ലേ? വിഡ്ഢിത്തമല്ലേ? മനുഷ്യചേതനയിലെ ബൗദ്ധികത കടഞ്ഞെടുക്കുന്ന ഭോഷത്തവും വിഡ്ഢിത്തവുമാണു് ക്രൈസ്തവതത്വത്തിൻെറ അന്ത:സ്സത്ത! ജീവചൈതന്യം. ''എൻെറ ദൈവമേ, എൻെറ ദൈവമേ,

malankaralibrary.com

എന്തുകൊണ്ടു് എന്നെ കൈവിട്ടു?'' എന്നു് കപോലച്ചുവട്ടിൽ നാട്ടി ഉയർത്തിയ കുരിശിൻെറ മാറിൽ വാവിട്ടുകരഞ്ഞു പറഞ്ഞ മനുഷ്യനാണു്, ക്രൂശിക്കപ്പെട്ട മനുഷ്യനാണു് ക്രൈസ്തവൻെറ ദൈവം. ഈ ക്രൂശിതൻെറ ഭോഷത്തമാണു് ലോകത്തിൽ ക്രൈസ്തവർ പ്രഘോഷിക്കുക. കുരിശിൻെറ ദൗത്യം നാശത്തിൻെറ മാർഗ്ഗത്തിലൂടെ ചരിക്കുന്നവരെ സംബന്ധിച്ചിടത്തോളം വെറും മൗഢ്യമാണു്; എന്നാൽ, രക്ഷയുടെ മാർഗ്ഗത്തിലൂടെ ചരിക്കുന്നവർക്കു് അതു് ദൈവത്തിൻെറ ശക്തിയത്രേ. വിശുദ്ധഗ്രന്ഥം പറയുന്നു. 'ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കും. ' ബുദ്ധിമാൻമാരുടെ ബുദ്ധി ഞാൻ ദുർബ്ബലമാക്കും.' ജ്ഞാനി എവിടെ? ശാസ്ത്രി! എവിടെ? പ്രാപഞ്ചികനായ താർക്കികൻ എവിടെ? ഈ ലോകത്തിൽ ജ്ഞാനത്തെ ദൈവം ഭോഷത്തമായി മാററിയില്ലേ? ലോകത്തിനു് അതിൻെറ വിജ്ഞാനംവഴി ദൈവത്തെ മനസ്സിലാക്കാൻ കഴിയാതെപോയതിനാൽ, വിശ്വസിക്കുന്നവരെ പ്രസംഗത്തിൻെറ ഭോഷത്താൽ രക്ഷിക്കാൻ ദൈവികജ്ഞാനം തിരുമനസ്സായി. യഹൂദർ അടയാളങ്ങൾ അന്വേഷിക്കുന്നു. വിജാതിയർ വിജ്ഞാനം അന്വേഷിക്കുന്നു. എന്നാൽ യഹൂദർക്കു് ഇടർച്ചയും വിജാതീയർക്കു് ഭോഷത്തവുമായ ക്രൂശിതനായ മ്ശിഹായെയാണു് ഞങ്ങൾ പ്രസംഗിക്കുന്നതു്. വിളിക്കപ്പെട്ട ഏവർക്കും, അവർ യഹൂദരാകട്ടെ, വിജാതീയരാകട്ടെ—മ്ശിഹാ ദൈവത്തിൻെറ ശക്തിയും ജ്ഞാനവുമത്രേ. ദൈവത്തിൻെറ ഭോഷത്തം മനുഷ്യൻെറ വിജ്ഞാനത്തേയും ദൈവത്തിൻെറ ബലഹീനത മനുഷ്യൻെറ ശക്തിയേയും കാൾ മഹത്തരമാണു്.' (1 കൊറി. 1:18_25).

'ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ക്ഷയിച്ചുപോ

malankaralibrary.com

കുന്ന ബീജത്തിൽനിന്നും മാംസത്തിൽനിന്നുമല്ല ജീവനുള്ള ദൈവത്തിൽനിന്നും (Cfr. 1പത്രോ. 1:23) ജലത്തിൽനിന്നും പരിശുദ്ധാത്മാവിൽനിന്നുമാണ് (Cfr. യോഹ. 3:5–6) പുനർജന്മം പ്രാപിക്കുന്നതു്. അവസാനം ഇവർ ''തിരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പൗരോഹിത്യവും, വിശുദ്ധീകരിക്കപ്പെട്ട ജനപദവും, ദൈവം തനിക്കായി നേടിയെടുത്ത ജനതയും.... ആദ്യം ഒരു ജനതയല്ലായിരുന്നു എങ്കിലും ഇപ്പോഠം ദൈവത്തിൻെറ ജനവും' (1 പത്രോ. 2;9–10) ആയിത്തീന്നിരിക്കുന്നു.' എന്നാൽ, രാഷ്ട്രീയനേതാക്കന്മാരെയോ ചലച്ചിത്രതാരങ്ങളെയോ സാമൂഹ്യപ്രവത്തകരെയോ അനുകരിക്കുന്നതുപോലെയാണോ ക്രിസ്തുവിനെയും ക്രൈസ്തവർ അംഗീകരിക്കുക. ക്രൈസ്തവജീവിതം കേവലം അനുകരണമോ? അല്ലെങ്കിൽ പിന്നെ എന്തു്? ക്രിസ്തു എനിക്കും നിങ്ങഠംക്കും ആരാണ്? എന്തിനൊരു ക്രൈസ്തവനായിരിക്കണം? അവിടുന്നിൽ ജീവിതസായൂജ്യത കണ്ടെത്താനാവുമോ? തുടന്നുള്ള താളുകളിൽ ക്രൈസ്തവജീവിതത്തിൻെറ സമഗ്രതയും സാകല്യതയും പ്രസക്തിയും ഒരുപിടി ലിപികളിൽ നിരത്തുകയാണ്.

മംഗലാപുരം,
15–4–1981

**തോമസ് മർക്കോസ്**
**പൊള്ളയിൽ**

malankaralibrary.com

# ദളങ്ങൾ വിടരുമ്പോൾ....

1. ഞാൻ എന്തുകൊണ്ട് ഒരു ക്രൈസ്തവനായിരിക്കണം?

ക്രിസ്തു: ആദർശപുരുഷൻ
ക്രിസ്തു: വിപ്ലവകാരി
ക്രിസ്തു: അത്ഭുതപ്രവർത്തകൻ
ക്രിസ്തു: സമുദായോദ്ധാരകൻ
ക്രിസ്തു: മതസ്ഥാപകൻ
ക്രിസ്തു: മനുഷ്യസ്നേഹി
ക്രിസ്തു: ദൈവം
ക്രിസ്തുവിന്റെ സാക്ഷ്യം
യേശു: മനുഷ്യൻ
യേശുവിന്റെ മരണം
ക്രിസ്തുരഹസ്യം
ഉത്ഥാനം
ഉത്ഥാനം: യാഥാർത്ഥ്യമോ മിഥ്യയോ?
വി. പൗലോസിനുണ്ടായ ദർശനം
ഉത്ഥാനത്തിന്റെ പ്രസക്തി
ആരാണീ ക്രൈസ്തവൻ

2. ക്രിസ്തു: ജീവിതസായുജ്യം

malankaralibrary.com

# 1. ഞാൻ എന്തുകൊണ്ട് ഒരു ക്രൈസ്തവനായിരിക്കണം?

'ക്രൈസ്തവനായി ഒരു വ്യക്തിയേ ഉള്ളൂ, ക്രിസ്തു മാത്രം' എന്ന് കീർക്കെഗോർഡ് പ്രസ്താവിച്ചപ്പോൾ ക്രൈസ്തവത്വത്തിന്റെ പാരമ്പര്യവും നിയമങ്ങളും ആചാരങ്ങളുമൊക്കെ അനുസരിച്ച് ജീവിക്കുന്ന നാം ആരും ക്രൈസ്തവരേ അല്ല എന്നാണോ വിധിയെഴുതിയത്. ധ്വനി നിഷേധാത്മകമായി തോന്നാം. എന്നാൽ അദ്ദേഹം അർത്ഥമാക്കുന്നത് മറ്റൊന്നാണ്. അതായത് നാം ക്രിസ്തുവിനുവേണ്ടി ഉള്ളവരാകയാൽ, അവിടുത്തെപ്പോലെ ആയിക്കൊണ്ടിരിക്കുന്നവരാണ്. നാം ക്രൈസ്തവരായിക്കൊണ്ടിരിക്കുന്നവരാണ്. ഈ ആയിത്തീരലിൽ, അസ്തിത്വത്തിന്റെ സത്തയിൽ അന്തർലീനമായിരിക്കുന്ന ക്രൈസ്തവാത്മകതയെക്കുറിച്ച് സുവ്യക്തമായൊരു കാഴ്ചപ്പാട് ഈ ആധുനിക യുഗത്തിൽ നാം കൈക്കൊള്ളേണ്ടത് അനിവാര്യമാണ്. കേവലം ഈദൃശ പാരമ്പര്യത്തിലും സംസ്ഥാപിതമായ തദ്ദേശ്യവും സാർവ്വലൗകികവുമായ

malankaralibrary.com

സഭാംഘടനയിലുള്ള ബലത്തിലും ആരാധനക്രമത്തിലും അഭിമാനംകൊണ്ടിരുന്നാൽ പോരാ. രണ്ടായിരം വർഷത്തെ പ്രാബല്യവും പ്രഭാവവുമുള്ള ക്രൈസ്തവ തപത്തിൽ ഞാൻ എന്തിനൊരു അംഗമായി? കാലാകാലങ്ങളായി അസ്തിത്വത്തിലായിരിക്കുന്ന ഈ 'മത' ത്തിനു് കാലോചിതമായ ധന്യതയും മൂല്യവും ഉണ്ടോ? ഈ ചോദ്യങ്ങൾക്കൊക്കെ വേണ്ടതായ പ്രസക്തിയുണ്ടോ ആധുനികലോകത്തിൽ.

ഞാൻ എന്തുകൊണ്ടു് ഒരു ക്രൈസ്തവനായിരിക്കണം? മനുഷ്യനായി ജന്മമെടുത്തു് മനുഷ്യബന്ധങ്ങൾ സ്ഥാപിച്ചു്, കാലത്തിൻെറ സംക്രമണത്തിൽ വ്യവഹാരം ക്രമാനുഗതമായി നടത്തി, നാളെയോ അതിനടുത്ത ദിവസത്തിലോ മൃത്യു വരിച്ചാൽ പോരേ. എന്തിനീ ക്രൈസ്തവനെന്നും ക്രിസ്ത്യാനിയെന്നും ഒക്കെയുള്ള ലേബലുകൾ. ഒരു യഥാൎത്ഥ മനുഷ്യനായിരിക്കുന്നതിനേക്കാൾ ഏറെ പ്രാധാന്യമേറുന്നതാണോ ഒരു ക്രൈസ്തവനായിരിക്കുക എന്നതു്? ക്രൈസ്തവമതത്തിൽതന്നെ അസ്തിത്വത്തിനു് അൎത്ഥം കണ്ടെത്തേണ്ടതുണ്ടോ? ക്രൈസ്തവമതത്തിനു് മററു മതങ്ങൾക്കുള്ളതുപോലെയുള്ളൊരു സ്ഥാനമല്ലേ ഉള്ളൂ. കാരണം, എല്ലാ മനുഷ്യരിലും കുടികൊള്ളുന്ന ഒരു ആന്തരികോദ്ഗമനമാണു് ഈശ്വരനുമായി സംഗമിക്കുക എന്നുള്ളതു്. മനുഷ്യൻെറ അമൂൎത്തമായ അസ്തിത്വം അതീന്ദ്രിയനായ ഈശ്വരനിൽ അമൂൎത്തമായി തീരുന്നതോടെ ഈശ്വരനും മനുഷ്യനും തമ്മിലുള്ള പരസ്പരാഭിമുഖക്കൂടിക്കാഴ്ച, ഈശ്വരനും മനുഷ്യനുമായുള്ള വ്യക്തിഗതഭാഷണം സാധിതമാകുന്നു. ഇതു് യാഥാൎത്ഥ്യമാവുക മതമെന്ന സുന്ദരമദ്ധ്യവൎത്തിയിലൂടെയും. എല്ലാ മതങ്ങളു

ടേയും ആത്യന്തികമായ ലക്ഷ്യം ഇതല്ലാതെ മറെറാന്നും അല്ലതാനും. ക്രൈസ്തവമതത്തിൻെറയും ലക്ഷ്യം ഇതു തന്നെ. എങ്കിൽ ഏതെങ്കിലും ഒരു മതവിശ്വാസി ആയിരുന്നാൽ പോരേ?

ക്രൈസ്തവർ, അവരുടെ ലക്ഷ്യത്തെക്കുറിച്ച് ബോധമുള്ളവരായിരിക്കണം....അക്രൈസ്തവരും ക്രൈസ്തവരുടെ ലക്ഷ്യവും ആവശ്യവും എന്തായിരിക്കണമെന്ന് പരിചിന്തിക്കേണ്ടതാണ്. ഒരു മാർക്സിസ്റ്റിൻെറ സാർത്ഥകലക്ഷ്യമെന്തെന്ന് ചോദിക്കയാണെങ്കിൽ, തികച്ചും വ്യക്തമായൊരു മറുപടി നമ്മാംക്കു ലഭിക്കും. 'സമത്വസുന്ദരമായൊരു സമൂഹപുനഃനിർമ്മാണത്തിനുവേണ്ടി അരയും തലയും മുറുക്കി സോഷ്യലിസം ലോകതറവാട്ടിൽ നടപ്പാക്കുവാൻ പരിശ്രമിക്കുക. മർദ്ദിതരെന്നോ, ചൂഷിതരെന്നോ, മുതലാളിയെന്നോ, തൊഴിലാളിയെന്നോ ഉള്ള വ്യത്യാസമില്ലാത്തൊരു സമൂഹം കെട്ടിപ്പടുക്കുക. ഇതാണ് ഞങ്ങളുടെ ലക്ഷ്യ'മെന്ന്. എന്നാൽ സത്യം, നീതി, സമത്വം, സ്നേഹം, ദയ, ജീവിതസാക്ഷാത്ക്കാരം തുടങ്ങിയവ മനുഷ്യാസ്തിത്വത്തിൽ സാർത്ഥകമാക്കുവാൻ ആവേശവും വ്യഗ്രതയും കാട്ടുന്നവരാണ് ക്രൈസ്തവരെന്ന് വിപുലവും സാന്ദ്രവുമായൊരു മറുപടി ലഭിക്കുവാൻ പ്രയാസമില്ലപോലും, ക്രൈസ്തവർ എന്താണ് ഉന്നംവയ്ക്കുക, അവരുടെ ജീവിത ലക്ഷ്യമെന്തെന്ന് ചോദിച്ചാൽ. അക്രൈസ്തവരും ഇതുതന്നെയല്ലേ ലക്ഷ്യം വയ്ക്കുക. ഏതു മതമാണ്, ഏതു രാഷ്ട്രീയമാണ്, ഏതു ജാതിയാണ് സ്നേഹവിദ്വേഷകമായ, അനീതിപരമായ ഒരു വ്യവസ്ഥിതി സമൂഹത്തിൽ ആഗ്രഹിക്കുക. സമൂഹത്തിൻെറ ക്രമവത്കൃതമായ ഉന്ന

malankaralibrary.com

തിക്കും, പുരോഗതിക്കും, അഭിവൃദ്ധിക്കും മററു മതസ്ഥർ നൽകുന്ന സംഭാവന ഒരുപക്ഷേ ക്രൈസ്തവർ നല്കുന്നതിനേക്കാൾ ശ്രേഷ്ഠമായിരിക്കില്ലേ?[1] എങ്കിൽ ഈ ക്രൈസ്തവമതത്തിൻെറ കാതലും ഉൾപ്പൊരുളും എന്തായിരിക്കാം. ഈ മതത്തിൽ ഞാനും നിങ്ങളും ഒരംഗമായിരിക്കുന്നതെന്തിനുവേണ്ടി. നമ്മുടെ മാതാപിതാക്കന്മാരോ അവരുടെ പിൻതലമുറക്കാരോ ക്രൈസ്തവരായിരുന്നതുകൊണ്ടാണോ ഞാൻ ഒരു ക്രൈസ്തവനായിരിക്കുക. വ്യക്തവും വസ്തുനിഷ്ഠവുമായൊരു ഉത്തരം കണ്ടെത്തണമെങ്കിൽ, തീർച്ചയായും, ക്രൈസ്തവമതത്തിനു് ജന്മമേകിയ ക്രിസ്തു, നസ്രായനായ യേശു ആരാണെന്നും അവിടുത്തെ ലക്ഷ്യമെന്തെന്നും നാം അറിഞ്ഞിരിക്കണം.

ആധുനിക തലമുറ ക്രിസ്തുവിനെനോക്കി കാണുക, വിവിധ ദർശനകോണുകളിലൂടെയാണു്. ഒരു കൂട്ടർ ക്രിസ്തുവിനെ ആദർശപുരുഷനെന്നും പരോപകാരി എന്നും വിലയിരുത്തുമ്പോൾ മറെറാരു കൂട്ടർ ക്രിസ്തുവിനെ വിപ്ലവകാരിയായി ദർശിക്കുന്നു. ഇനിയും അടുത്തൊരു കൂട്ടർ അത്ഭുതപ്രവർത്തകനായി കാണുമ്പോൾ വേറെ ചിലർ സാമൂഹ്യപ്രവർത്തകനായി കണക്കാക്കുന്നു. വാദഗതികളും കാഴ്ചപ്പാടുകളും ഇതുകൊണ്ടുതീരുന്നില്ല. അടുത്തൊരു കൂട്ടർ ആധുനികതയുടെ കുതിപ്പും കിതപ്പും ഒപ്പിയെടുത്തു് ക്രിസ്തുവിൽ ചാലിച്ചുചേർക്കുവാൻ ബദ്ധപ്പെടുന്നു. ക്രിസ്തു ഒരു മനുഷ്യസ്നേഹി എന്നവർ അവകാശപ്പെടുന്നു. ക്രിസ്തു ഒരു മതസ്ഥാപകനാണെന്നുള്ള വസ്തുത മറക്കാനാവില്ലെന്നു് ഉച്ചൈ

1. Hanskung, on being a Christian, p. 25.

malankaralibrary.com

സ്ഥരം പ്രഘോഷിക്കുന്ന ഇനിയും വേറൊരു കൂട്ടർ. ഈ വീക്ഷണഗതികളുടെ ഹൃദയാന്തർഗതത്തിലേക്കൊരെത്തിനോട്ടം നടത്തുക ഉചിതമെന്നു കരുതുന്നതിനാൽ, അതിൻെറ വിശദാംശത്തിലേയ്ക്കു് കടക്കുകയാണു്.

## ക്രിസ്തു: ആദർശപുരുഷൻ

അസത്യത്തിനെതിരെ, അധമ്മത്തിനെതിരെ, ശംഖൊലിയുമായി ഗലിലേയലോകത്തു് ക്രിസ്തു രണ്ടായിരത്താണ്ടുകൾക്കപ്പുറം പ്രത്യക്ഷപ്പെട്ടു. അന്നിൻെറ മുഖമുദ്രയായ ഫാരിസേയിസത്തിനും ജൂഡായിസേയത്തിനും വിലങ്ങനെ ചങ്ങലകൾ വലിച്ചുമുറുക്കുവാൻ ക്രിസ്തുവെന്ന ആദർശപുരുഷൻ മടിച്ചില്ല. 'ആരേയും വിധിക്കാതിരിക്കുക; എന്നാൽ നിങ്ങളും വിധിക്കപ്പെടുകയില്ല. നിങ്ങൾ എപ്രകാരം വിധിക്കുന്നുവോ അപ്രകാരം നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന തോതുവച്ചു് നിങ്ങൾക്കും അളന്നുകിട്ടും. സഹോദരൻെറ കണ്ണിലുള്ള കരടു് കാണുന്ന നീ എന്തുകൊണ്ടു് നിൻെറതന്നെ കണ്ണിലുള്ള തടി കാണുന്നില്ല? നിൻെറ കണ്ണിൽ തടിയിരിക്കേ, നിൻെറ സഹോദരനോടു്, 'ഞാൻ നിൻെറ കണ്ണിലെ കരട് എടുത്തു കളയട്ടെ' എന്നു പറയാൻ നിനക്കു് എങ്ങനെ കഴിയുന്നു? അല്ലയോ കപടഭക്താ, ആദ്യമായിത്തന്നെ നിൻെറ കണ്ണിലെ തടിയെടുത്തു മാററുക. അപ്പോൾ സഹോദരൻെറ കണ്ണിലെ കരടെടുത്തു കളയുവാൻ വേണ്ട കാഴ്ച നിനക്കു ലഭിക്കും' (മത്താ. 7:1—5). 'ഒന്നുകിൽ വൃക്ഷം നല്ലതു് ഫലവും നല്ലതു്. അല്ലെങ്കിൽ വൃക്ഷം ചീത്ത; ഫലവും ചീത്ത. ഫലംകൊണ്ടാണല്ലോ വൃക്ഷത്തെ അറിയുന്നതു്'' (മത്താ. 12:33—34). 'കൊല്ല

malankaralibrary.com

രുത്; വ്യഭിചാരം ചെയ്യരുത്; മോഷ്ടിക്കരുത്; കള്ള സാക്ഷ്യം നല്കരുത്; മാതാപിതാക്കന്മാരെ ബഹുമാനിക്കുക; നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക' (മത്താ. 19:18). 'അനന്തരം ഫരിസേയർപോയി, ഈശോയെ അവിടുത്തെ വാക്കുകളാൽത്തന്നെ കെണിയിൽപ്പെടുത്താൻ ആലോചന നടത്തി. അവർ തങ്ങളുടെ ശിഷ്യന്മാരെ ഹെറോദ്യരോടുകൂടെ അവിടുത്തെ അടുക്കലയച്ചു. അവർ ഈശോയോടു പറഞ്ഞു: 'അങ്ങ് സത്യവാനാണെന്നും ദൈവത്തിൻെറ മാർഗ്ഗം ശരിയായി പഠിപ്പിക്കുന്നവനാണെന്നും, നിഷ്പക്ഷനും നിർഭയനും ആരുടേയും മുഖം നോക്കാത്തവനുമാണെന്നും ഞങ്ങൾക്കറിയാം. ആകയാൽ അങ്ങയുടെ അഭിപ്രായം എന്തെന്ന് ഞങ്ങളോടു പറഞ്ഞാലും: സീസറിനു നികുതികൊടുക്കുന്നതു് വിഹിതമോ അല്ലയോ?' അവരുടെ കൗടില്യം മനസ്സിലാക്കിയ ഈശോ അരുൾചെയ്തു: 'കപടഭക്തരേ, നിങ്ങളെന്തിനു് എന്നെ പരീക്ഷിക്കുന്നു? നികുതിക്കുള്ള നാണയം കാണിച്ചുതരുവിൻ.' അവർ ഒരു ദെനാറ കൊണ്ടുവന്നു കൊടുത്തു. അപ്പോൾ, ഈശോ അവരോടു ചോദിച്ചു: 'ഇതിലുള്ള ഛായയും, ലിഖിതവും ആരുടേതാണ്?' 'സീസറിൻേറതു്'; അവർ പ്രതിവചിച്ചു. ഉടനെ അവിടുന്നു അരുൾചെയ്തു: 'സീസറിൻേറതു് സീസറിനും ദൈവത്തിൻേറതു് ദൈവത്തിനും കൊടുക്കുവിൻ' (മത്താ. 22:15–22). ക്രിസ്തുവിൻെറ ആദർശധീരതയ്ക്കു് ഇവയെല്ലാം ഏതാനും ചില ഉദാഹരണങ്ങളത്രേ. അങ്ങനെ തികച്ചും ആദർശത്തിനുവേണ്ടി നിലകൊണ്ട ഒരു വ്യക്തിയാണ് ക്രിസ്തു. ആദർശത്തിനുവേണ്ടി ജീവൻ ആഹുതി ചെയ്യുകയും ചെയ്തൊരു വ്യക്തി, ഒരു ഗാന്ധിജിയെപ്പോ

malankaralibrary.com

ലെ, നെഹ്റുവിനെപ്പോലെ, ബുദ്ധനെപ്പോലെ, ജിനനെപ്പോലെ, സോക്രട്ടീസിനെപ്പോലെ, പ്ലേറ്റോയെപ്പോലെ, അരിസ്റ്റോട്ടലിനെപ്പോലെ, ചർച്ചിലിനെപ്പോലെ, ജോൺ കെന്നഡിയെപ്പോലെ.

ലോകത്തിൽ നന്മ മാത്രം ചെയ്തുകൊണ്ടു് കടന്നുപോയൊരു പുണ്യപുംഗവനായിരുന്നു ക്രിസ്തു. സ്നേഹിക്കുവാനും ത്യാഗം ചെയ്യുവാനുമായി മാത്രം സ്വന്തം ജീവിതം ഉഴിഞ്ഞുവെച്ചു. എന്നാൽ ക്രിസ്തുവിനെപ്പോലെ, ലോകത്തിൽ എത്രയെത്ര എണ്ണപ്പെട്ട വ്യക്തികൾ തങ്ങളുടെ വിലപ്പെട്ട ജീവിതം ലോകസേവനത്തിനുവേണ്ടി കാഴ്ചവച്ചു. അവരുടെ ജീവിതമാതൃകയും ആദർശധീരതയും ലോകത്തെ എന്നും ഉന്മേഷിതമാക്കുന്നു; ചലനാത്മകമാക്കുന്നു. ഗലിലേയലോകത്തിൽ, കേവലം ഏതാനും മൈലുകൾ വിസ്താരത്തിനുള്ളിൽ ആയിരുന്നു യേശുവിന്റെ ആദർശമണ്ഡലം. ആ ലോകത്തിൽ മാത്രം അന്നു് യേശു അറിയപ്പെട്ടിരുന്നു. എന്നാൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും അദർശത്തിന്റെ വെന്നിക്കൊടി ഉയർത്തി, പ്രസിദ്ധിയുടെ ഉന്നതസോപാനത്തിൽ ആസനസ്ഥരായ എത്രയോ ശ്രേഷ്ഠരായ വ്യക്തികളുണ്ടു്, ലോകത്തിൽ. എനിക്കോ, നിങ്ങൾക്കോ അവരുടെ ശിഷ്യരോ, അനുയായികളോ ആരാധകരോ ആയിരുന്നാൽ മതിയായിരുന്നല്ലോ. എന്തിനു് ക്രിസ്തുവിന്റെ മാത്രം ആരാധകരായിരിക്കണം നാം? ധർമ്മത്തിലും, നീതിയിലും, സേവനത്തിലും അധിഷ്ഠിതമായ ഒരു സമുദായ പുന:നിർമ്മിതിക്കുവേണ്ടി അദ്ദേഹം ജീവൻ ബലികഴിച്ചതുകൊണ്ടാണോ? മഹാത്മാഗാന്ധിജിയും രാജാറാം മോഹൻ റോയിയും, മാർക്സും ലെനിനുമൊ

malankaralibrary.com

ക്കെ നല്ലൊരു സമുദായോദ്ധാരണത്തിനുവേണ്ടിയായിരുന്നല്ലോ പടപൊരുതിയതും ജീവൻ ബലികഴിച്ചതും. യാഥാർത്ഥ്യമിതായിരുന്നാലും ഞാൻ ക്രിസ്തുവിൻെറ മാത്രം ശിഷ്യനായിരിക്കുന്നു. അവിടുത്തേയ്ക്കുവേണ്ടി ജീവിക്കുന്നു. എന്തുകൊണ്ട്?

## ക്രിസ്തു: വിപ്ലവകാരി

'ശത്രുക്കളെ സ്നേഹിക്കുക, ദൈവത്തിനു കീഴ്വഴങ്ങുക തുടങ്ങിയ ആശയങ്ങളിലൂടെയാണ് ക്രിസ്തു തൻെറ ശിഷ്യരെ ഉദ്ബുദ്ധരാക്കിയത്. അദ്ദേഹത്തിൻെറ സന്ദേശം ഒരു പഴംചരക്കാണ്, ഇന്നലെവരെയുള്ളൊരു ചന്താഗതിയായിരുന്നു ഇത്. മനുഷ്യരിൽ മനുഷ്യനായി, തികച്ചും അപരനുവേണ്ടി മാത്രം ജീവിച്ച വ്യക്തിയാണ് ക്രിസ്തു. നീതിക്കുവേണ്ടി, സമത്വത്തിനുവേണ്ടി, സാഹോദര്യത്തിനുവേണ്ടി, സ്വാതന്ത്ര്യത്തിനുവേണ്ടി അക്ഷീണം യത്നിക്കുകയും ത്യാഗത്തിൻെറ ബലിക്കല്ലിൽ ജീവൻ ബലിയർപ്പിക്കയും ചെയ്ത, വിപ്ലവകാരിയായ ഒരു വ്യക്തിയെയാണ്, ആധുനികതലമുറ, യേശുവിൽ കാണുക, അനുഭവിക്കുക.' കർത്താവിൻെറ ആത്മാവ് എന്നിലുണ്ട്; അവിടുന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കാനും, ഹൃദയവ്യഥ അനുഭവിക്കുന്നവനെ ആശ്വസിപ്പിക്കാനും, ബന്ധിതരെ മോചിക്കാനും, കുരുടക്കു കാഴ്ച നൽകുവാനും, മർദ്ദിതരെ സ്വതന്ത്രരാക്കുവാനും, കർത്താവിനു സ്വീകാര്യമായ വത്സരവും പ്രതികാരദിനവും പ്രഖ്യാപിക്കുവാനും അവിടുന്നെന്നെ അയച്ചിരിക്കുന്നു' (ലൂക്കാ 4:18–19) എന്ന ഏശയ്യാ പ്രവാചകൻെറ പ്രവചനം തന്നിൽ പൂർത്തിയായിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ്

malankaralibrary.com

ക്രിസ്തു പരസ്യജീവിതം സമാരംഭിക്കുക. അവിടെ വിപ്ലവച്ചുരുളുകൾ അഴിഞ്ഞുവീഴുകയായാണ്.

സുവിശേഷത്തിലെ ഈ ചലനാത്മകവ്യക്തി ആധുനികതലമുറയെ ഹഠാദാകർഷിച്ചു. യേശുവിൻെറ സുഭദ്രസുന്ദരമായ ജീവിതം അന്നത്തെ സമൂഹത്തിലും ഒരു ഒളിയമ്പ് എയ്തിരുന്നു. അല്ല ആയിരം ആയിരം ന്യൂക്ലിയാർ ബോംബുകൾ ക്രിസ്തു വർഷിച്ചു; തൻെറ ജീവിതഭാസുരത രാജകീയപ്രൗഢികൾക്കും സിംഹാസനങ്ങൾക്കും ഭീഷണിയായിരുന്നു. ചെങ്കോലും കിരീടവും ആഡംബരവും പ്രൗഢിയും അധികാരവുമൊക്കെ അവിടുന്നു നിസ്സാരമായി പരിഗണിച്ചു. ക്രിസ്തു, അന്തസ്സാരശൂന്യതക്കെതിരെ തെരുതെരെ ശാപവർഷം പൊഴിച്ചു: 'കപടഭക്തരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗ്ഗകവാടം അടച്ചുകളയുന്നു. നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ലെന്നു മാത്രമല്ല, പ്രവേശിക്കുവാൻ ശ്രമിക്കുന്നവരെ അനുവദിക്കുന്നുമില്ല. കപടഭക്തരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, നിങ്ങൾ ദീർഘങ്ങളായ പ്രാർത്ഥനകൾ ഉരുവിട്ട് വിധവകളുടെ സ്വത്തു വിഴുങ്ങിക്കളയുന്നു. ആകയാൽ, നിങ്ങൾക്കുള്ള ശിക്ഷ കഠിനമായിരിക്കും. കപടഭക്തരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, ഒരൊററയാളെ നിങ്ങളുടെ മതത്തിലേക്കു ചേർക്കാൻ നിങ്ങൾ കടലും കരയും ചുററി സഞ്ചരിക്കുന്നു. അവൻ അങ്ങനെയായിക്കഴിയുമ്പോൾ നിങ്ങളേക്കാൾ ഇരട്ടിയായി അവനെ നരകത്തിനു യോഗ്യനാക്കുന്നു.'

''അന്ധരായ മാർഗ്ഗദർശികളേ, നിങ്ങൾക്കു ദുരി

malankaralibrary.com

തം! 'ആരെങ്കിലും ദൈവാലയത്തെക്കൊണ്ടു് ആണയിട്ടാൽ, അതു സാരമില്ല; എന്നാൽ ദൈവാലയത്തിലെ സ്വർണ്ണത്തെക്കൊണ്ടു് ആണയിടുന്നവൻ ശപഥബദ്ധനാകുന്നു' എന്നു നിങ്ങൾ പറയുന്നു. അന്ധരായ വിഡ്ഢികളേ, ഏതാണു് ശ്രേഷ്ഠം? സ്വർണ്ണമോ, സ്വർണ്ണത്തെ പവിത്രമാക്കുന്ന ദൈവാലയമോ? 'ബലിപീഠത്തെക്കൊണ്ടു് ആണയിട്ടാൽ, അതു സാരമില്ല; എന്നാൽ, അതിലുള്ള കാഴ്ചവസ്തുവിനെക്കൊണ്ടു് ആണയിടുന്നവൻ ശപഥബദ്ധനാകുന്നു' എന്നു നിങ്ങൾ പറയുന്നു. അന്ധരേ, ഏതാണു് ശ്രേഷ്ഠം? കാഴ്ചവസ്തുവോ, കാഴ്ചവസ്തുവിനെ പവിത്രമാക്കുന്ന ബലിപീഠമോ? ബലിപീഠത്തെക്കൊണ്ടു് ആണയിടുന്നവൻ ബലിപീഠത്തേയും അതിലുള്ള സകലത്തേയുംകൊണ്ടത്രേ ആണയിടുന്നതു്. ദൈവാലയത്തെക്കൊണ്ടു് ആണയിടുന്നവൻ ദൈവാലയത്തെയും അതിൽ സ്ഥിതിചെയ്യുന്നവനേയുംകൊണ്ടു് ആണയിടുന്നു. സ്വർഗ്ഗത്തെക്കൊണ്ടു് ആണയിടുന്നവൻ ദൈവസിംഹാസനത്തേയും അതിലാരൂഢനായിരിക്കുന്നവനേയും കൊണ്ടു് ആണയിടുന്നു.''

'കപടഭക്തരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, നിങ്ങൾ തുളസി, ചതകുപ്പ, ജീരകം എന്നിവയുടെ ദശാംശം കൊടുക്കുകയും നിയമസംഹിതയിൽ പ്രാധാന്യമേറിയ നീതി, കാരുണ്യം, വിശ്വാസം എന്നിവ അവഗണിക്കയും ചെയ്യുന്നു, മററുള്ളവ തിരസ്ക്കരിക്കാതെ ഇവ നിങ്ങൾ ചെയ്യേണ്ടതായിരുന്നു. അന്ധരായ മാർഗ്ഗദർശികളേ, നിങ്ങൾ കൊതുകിനെ അരിച്ചു നീക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നു.'

malankaralibrary.com

'കപടഭക്തരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ നിങ്ങൾ കോപ്പയുടേയും തട്ടത്തിൻേറയും പുറം വെടിപ്പാക്കുന്നു; എന്നാൽ അവയുടെ ഉള്ള കവർച്ചയും അശുദ്ധിയുംകൊണ്ടു് നിറഞ്ഞിരിക്കുന്നു. അന്ധനായ ഫരിസേയാ, കോപ്പയുടേയും തട്ടത്തിൻേറയും അകം ആദ്യം വെടിപ്പാക്കുക; അപ്പോൾ പുറവും വെടിപ്പായിക്കൊള്ളും.'

'കപടഭക്തരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, നിങ്ങൾ വെള്ളയടിച്ച ശവകുടീരങ്ങൾക്കു് സദൃശരാണു്. പുറമേ അവ സുന്ദരങ്ങളായി കാണപ്പെടുന്നു. എന്നാൽ അകം മൃതരുടെ അസ്ഥികളും മറെറല്ലാവിധ മാലിന്യങ്ങളും കൊണ്ടു് നിറഞ്ഞിരിക്കുന്നു. അതുപോലെ നിങ്ങളും മനുഷ്യദൃഷ്ടിയിൽ നീതിമാന്മാരായി കാണപ്പെടുന്നു. എന്നാൽ, ഉള്ളിൽ കാപട്യവും അധർമ്മവും നിറഞ്ഞിരിക്കുന്നു.'

'കപടഭക്തരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകൾ പണിയുകയും നീതിമാന്മാരുടെ ശവകുടീരങ്ങൾ അലങ്കരിക്കയും ചെയ്യുന്നു; എന്നിട്ടു് നിങ്ങൾ പറയുന്നു, 'ഞങ്ങൾ പിതാക്കന്മാരുടെ കാലത്തു് ജീവിച്ചിരുന്നെങ്കിൽ പ്രവാചകന്മാരെ വധിക്കുന്നതിൽ പങ്കുകാരാകയില്ലായിരുന്നു' എന്നു്. അങ്ങനെ, നിങ്ങൾ പ്രവാചകഘാതകന്മാരുടെ മക്കളാണെന്നുള്ളതിനു് നിങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നു. നിങ്ങളുടെ പിതാക്കന്മാരുടെ ജോലി പൂർത്തിയാക്കുവിൻ. അണലിസന്തതികളേ, സർപ്പങ്ങളേ, നരകവിധിയിൽ

malankaralibrary.com

നിന്നു് നിങ്ങളെങ്ങനെ രക്ഷപെടും? ആകയാൽ, ഇതാ പ്രവാചകന്മാരേയും നിയമജ്ഞരേയും ശാസ്ത്രീകളേയും ഞാൻ നിങ്ങളുടെ അടുക്കലേയ്ക്കു് അയയ്ക്കുന്നു. അവരിൽ ചിലരെ നിങ്ങൾ കുരിശിൽ തൂക്കിക്കൊല്ലും; ചിലരെ ജപാലയങ്ങളിൽവച്ച് ചമ്മട്ടികൊണ്ടടിക്കയും പട്ടണങ്ങൾതോറും പിന്തുടർന്നു മർദ്ദിക്കയും ചെയ്യും. അങ്ങനെ, നീതിമാനായ ഹാബേലിന്റെ രക്തം മുതൽ ദൈവാലയത്തിനും ബലിപീഠത്തിനും മദ്ധ്യേവച്ചു് നിങ്ങൾ വധിച്ച ബറാക്കിയാസ്സിന്റെ മകനായ സഖറിയാസിന്റെ രക്തംവരെ, ഭൂതലത്തു ചൊരിഞ്ഞിട്ടുള്ള, എല്ലാ നീതിമാന്മാരുടേയും രക്തത്തിനു നിങ്ങൾ ഉത്തരവാദികളായിരിക്കും. ഈ രക്തത്തിനെല്ലാം ഈ തലമുറ സമാധാനം പറയേണ്ടിവരും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു' (മത്താ. 23:13—36). യേശുവിന്റെ വിപ്ലവം ഇതോടെ പര്യവസാനം കുറിക്കുകയായിരുന്നില്ല. മറിച്ചു് തുടരുകയായിരുന്നു. അവിടുത്തെ ആശയസംഹിത, അധികാരങ്ങളുടെ അടിവേരുകൾ മാന്തുവാൻകൂടി പോരുന്നവയായിരുന്നു. അവിടുന്നു ലോകത്തിനു നൽകിയ സന്ദേശം മുതലാളിത്ത വ്യവസ്ഥിതികളെ കീഴ്മേൽ മറിച്ചു. 'ആത്മനാദാരിദ്ര്യമുള്ളവരേ, നിങ്ങൾ അനുഗ്രഹീതരാകുന്നു.' 'ധനികരേ നിങ്ങൾക്കു ദുരിതം.' ക്രിസ്തു ശാപത്തിന്റെ തീമഴ കോരിച്ചൊരിഞ്ഞു ധനികർക്കെതിരെ. 'വിധവയുടെ കാണിക്ക'യെപ്പുകഴ്ത്തിയ ക്രിസ്തു ധനികരുടെ വില്ലത്തിയെ കുശാഗ്രബുദ്ധിയോടെ നിശിതമായി വിമർശിച്ചു തരംതാഴ്ത്തുകയായിരുന്നു. ഇതുകൊണ്ടൊന്നും അവിടുത്തെ വിപ്ലവാസക്തിയുടെ അഗ്നിസ്ഫുലിംഗങ്ങൾ കെട്ടടങ്ങിയില്ല. സമൂഹത്തിലെ അനീതിയുടെ കൂമ്പാരങ്ങളെ ചുട്ടുകരിക്കുക

malankaralibrary.com

തൻെറ ദൗത്യമാണെന്നു മനസ്സിലാക്കിയ ക്രിസ്തു, ഭിന്നതയുടെ ഇരുതലവാറം പ്രയോഗിച്ചു. ഈ ഭിന്നതയുടെ മൂലകാരണമായ സ്വാർത്ഥതയെ ഛിന്നഭിന്നമാക്കുകയായിരുന്നു ക്രിസ്തുവിൻെറ ഉദ്ദേശ്യം. സ്വാർത്ഥത മനുഷ്യനെ ഹനിക്കുന്നു. അവനെ മൃഗതുല്യനാക്കുന്നു. അതു് അവനെ ആപത്തിൽനിന്നും അകററുന്നു. സ്വയംകണ്ടെത്താൻ പരിശ്രമിക്കുന്നവൻ അന്ധതയുടെ അഗാധ പ്രതലങ്ങളിലേക്കാണു് നിപതിക്കുക. ആ പതനം അസമാധാനത്തിനും അശാന്തിക്കും നിദാനമാകുന്നു.

യേശു വൈരുദ്ധ്യതയുടെ ഒരടയാളമാണു്. എവിടെയും എതിർപ്പിൻെറ ബീജാവാപകൻ! 'ലോകത്തിൽ സമാധാനം സ്ഥാപിക്കുവാൻ ഞാൻ വന്നിരിക്കുന്നുവെന്നു് കരുതേണ്ട; സമാധാനമല്ല, വാളത്രെ ഞാൻ കൊണ്ടുവന്നിട്ടുള്ളതു്. പിതാവും പുത്രനും തമ്മിലും മാതാവും പുത്രിയും തമ്മിലും ശ്വശ്രുവും സ്നുഷയും തമ്മിലും ഭിന്നത ഉളവാക്കുവാനാണു് ഞാൻ വന്നിരിക്കുന്നതു്. ഇങ്ങനെ, ഒരുവൻെറ ശത്രുക്കൾ സ്വന്തം വീട്ടുകാർ തന്നെയായിരിക്കും' (മത്താ. 10: 34–37).

വിപ്ലവകാരിയായ യേശുവിനെ നിലംപരിശാക്കണമെന്നുള്ള ഹെറോദേസിൻെറ വക്രബുദ്ധി ഫരിസേയർ ക്രിസ്തുവിനെ അറിയിച്ചപ്പോൾ നലംതികഞ്ഞ ധൈര്യത്തോടു് അവിടുന്നു തിരിച്ചടിച്ചു: 'ചെന്നു് ആ കുറുക്കനോടു പറയൂ', എന്നു്. വിപ്ലവകാരിയുടെ അനിഷേധ്യമായ മറുപടി!

യേശുവിൻെറ അന്ത്യം ഭീകരമായ കുരിശുമരണ

malankaralibrary.com

മാണെന്നറിഞ്ഞിട്ടും, അസ്തിത്വത്തിൻെറ വേദനയിൽ നിന്നുരുത്തിരിയുന്ന ദയാനുകമ്പയ്ക്കുവേണ്ടി അവിടുന്നു തെല്ലും യാചിച്ചില്ല. 'വിധി' — 'മനുഷ്യവിധി', അവിടുത്തേക്കറിയാമായിരുന്നു കേവലം നൈമിഷികമാണെന്നു്. ആകയാൽ ന്യായാധിപനായ പീലാത്തോസിനെപ്പോലും ക്രിസ്തു വെല്ലുവിളിച്ചു. അനന്തരം പീലാത്തോസ് അകത്തേയ്ക്കുപോയി ഈശോയെ വിളിച്ചു ചോദിച്ചു: 'താങ്കൾ യഹൂദരുടെ രാജാവാകുന്നുവോ?' ഈശോ അരുൾച്ചെയ്തു: 'ഇതു് താങ്കൾ സ്വയം പറയുന്നതോ മററുള്ളവർ എന്നെപ്പററി താങ്കളോടു് പറഞ്ഞതോ?' (യോഹ. 18:33–35). 'ആകയാൽ, വീണ്ടും അകത്തുചെന്നു് അയാൾ ഈശോയോടു ചോദിച്ചു: 'താങ്കൾ എവിടെനിന്നാണു് വരുന്നതു്?' ഈശോ അതിനുത്തരം നൽകിയില്ല. അപ്പോൾ പീലാത്തോസ് ചോദിച്ചു: 'താങ്കൾ എന്നോടു പറയുകയില്ലേ? താങ്കളെ ക്രൂശിക്കുവാനും വിട്ടയക്കാനുമുള്ള അധികാരം എനിക്കുണ്ടെന്നു് അറിഞ്ഞുകൂടെ.' ഉടനെ ഈശോ അരുൾചെയ്തു: 'ഉന്നതത്തിൽനിന്നു് നൽകപ്പെട്ടില്ലായിരുന്നുവെങ്കിൽ താങ്കൾക്കു് എൻെറമേൽ യാതൊരധികാരവും ഉണ്ടാകുകയില്ലായിരുന്നു' (യോഹ. 19:8–12).

'ഇവൻ ഇസ്രയേലിൽ പലരുടേയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ തർക്കത്തിൻെറ അടയാളമായിരിക്കും. അങ്ങനെ, അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും.....' (ലൂക്കാ. 2:34–36) എന്നു പ്രഘോഷിച്ച ശെമയോൻെറ പ്രവചനം ക്രിസ്തുവിൻെറ ജീവിതത്തിലൂടെ നിവർത്തിതമായി. അതേ! ജെറുസലേം വേദിയിൽ ക്രിസ്തു ഒരു വ്യാഘ്രമായിരു

malankaralibrary.com

ന്നു. കാരണം, ബാലിശമായ നിയമത്തിനെതിരെ, അന്തസ്സാരശൂന്യമായ പാരമ്പര്യത്തിനെതിരെ, ആചാരാനുഷ്ഠാനങ്ങൾക്കെതിരെ അവിടുന്നു ശബ്ദമുയർത്തി. മനുഷ്യൻെറ വ്യക്തിത്വാഭിമാനം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ളതല്ല നിയമം. മനുഷ്യനുവേണ്ടിയാണ് നിയമം. നിയമമെന്നാൽ ദൈവഹിതം നിവർത്തിതമാക്കുകയാണെന്ന് ക്രിസ്തു അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു: 'ഒരു സാബത്തുദിവസം അവൻ വിളഞ്ഞുകിടക്കുന്ന ഒരു വയലിലൂടെ പോവുകയായിരുന്നു. പോയവഴി ശിഷ്യന്മാർ ധാന്യക്കതിരുകൾ പറിക്കുവാൻ തുടങ്ങി. ഫരിസേയർ അവനോടു പറഞ്ഞു: 'സാബത്തിൽ അനുവദനീയമല്ലാത്തതു് അവർ ചെയ്യുന്നതു് എന്തുകൊണ്ടു്?' അവൻ ചോദിച്ചു: 'ദാവീദും അനുചരന്മാരും കൈവശമൊന്നുമില്ലാതെ വിശന്നു വലഞ്ഞപ്പോൾ എന്തു ചെയ്തുവെന്നു് നിങ്ങൾ വായിച്ചിട്ടില്ലേ? അബിയാഥർ പുരോഹിതൻെറകാലത്തു് ദാവീദ് ദൈവാലയത്തിൽകടന്നു്, പുരോഹിതന്മാരല്ലാതെ മററാരും ഭക്ഷിക്കുവാൻ പാടില്ലാതിരുന്ന കാഴ്ചയപ്പം എടുത്തു ഭക്ഷിക്കുകയും കൂടെയുണ്ടായിരുന്നവർക്ക് കൊടുക്കുകയും ചെയ്തില്ലേ?' അവിടുന്നു വീണ്ടും അരുൾചെയ്തു: 'സാബത്ത് മനുഷ്യനുവേണ്ടി ഉണ്ടാക്കപ്പെട്ടതാണു്; അല്ലാതെ മനുഷ്യൻ സാബത്തിനുവേണ്ടിയല്ല' (മർക്കോ. 2:23–28).

നിയമങ്ങൾക്കു് അതിൽത്തന്നെ അർത്ഥമില്ല. അതിനു് അർത്ഥമുണ്ടാകണമെങ്കിൽ മനുഷ്യജീവിതവുമായി അഭേദ്യമായി ബന്ധപ്പെടുത്തി, മനുഷ്യസേവനത്തിനായി, മനുഷ്യാവതാരം നൽകണം. എങ്കിൽ മാത്രമേ നിയമത്തിനു് അന്തസ്ഥിതമായ ചൈതന്യവും

malankaralibrary.com

വിലയും അഴകും കൈവരുന്നുള്ളു. അതുകൊണ്ടാണ് ക്രിസ്തു നിശിതമായി കുററപ്പെടുത്തിക്കൊണ്ട് ചോദിച്ചതു്, 'സാബത്തിൽ നന്മ ചെയ്യുന്നതോ, തിന്മ ചെയ്യുന്നതോ, ജീവൻ രക്ഷിക്കുന്നതോ, നശിപ്പിക്കുന്നതോ ഏതാണ് വിഹിതം' (മാർക്ക് 3:6). അന്നത്തെ അധികാരസ്വാതന്ത്ര്യത്തിന് ക്രിസ്തു ഒരു പേടിസ്വപ്നംതന്നെയായിരുന്നു. യേശു ഇപ്രകാരം മുന്നോട്ടു നീങ്ങിയാൽ തങ്ങളുടെ ആധിപത്യവും സ്ഥാനബഹുമാനങ്ങളുമെല്ലാം നഷ്ടപ്പെട്ടു പോയേക്കുമെന്നവർ ഭയപ്പെട്ടു. ക്രിസ്തുവിനെ ഉന്മൂലനം ചെയ്യുവാനുള്ള വഴികളും പദ്ധതികളും അവർ ആരാഞ്ഞുകൊണ്ടിരുന്നു. അതു് യാഥാർത്ഥ്യമാവുകയും ചെയ്തു, യേശുവിനെ ക്രൂശിലേററിയപ്പോൾ. അതേ, യേശു പീഡിപ്പിക്കപ്പെട്ടു, അവഹേളിക്കപ്പെട്ടു. ഇല്ലായ്മ ചെയ്യപ്പെട്ടു; സ്വാതന്ത്ര്യങ്ങൾക്കുവേണ്ടി!

ക്രിസ്തു മാത്രമാണോ, ലോകം കണ്ടിട്ടുള്ള വിപ്ലവകാരി! സമൂഹത്തിന്റെ അഴിമതിയേയും അനീതിയേയും ഉച്ചനീചത്വങ്ങളേയും നഖശിഖാന്തം പിച്ചിച്ചീന്തിയ എത്രയോ വിപ്ലവകാരികൾ ലോകത്തിൽ ജീവിച്ചിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. മാർക്സ്, ലെനിൻ, നെപ്പോളിയൻ, ഹിററ്ലർ തുടങ്ങിയവർ ചരിത്രത്തെ കിടിലം കൊള്ളിച്ചിട്ടുള്ളവരല്ലേ. ആയുധങ്ങൾക്കായുധങ്ങളും അണുബോംബുകൾക്കണുബോംബുകളും വാരിയെറിഞ്ഞവർ! ഒരു വിപ്ലവകാരിയേയാണ് അനുനയിക്കാൻ നാം ആഗ്രഹിക്കുന്നതെങ്കിൽ ലെനിനേയോ, മാർക്സിനേയോ, നെപ്പോളിയനേയോ, ഹിററ്ലറേയോ അനുഗമിച്ചാൽ മതിയല്ലോ. പക്ഷേ, നാം പിൻതുടരുക ക്രിസ്തുവിനെയാണ്. എന്തുകൊണ്ട്?

malankaralibrary.com

## ക്രിസ്തു: അത്ഭുതപ്രവർത്തകൻ

ക്രിസ്തുവിൽ, ഗലീലേയാ — ജറുസലേം കണ്ടത് ഒരു അത്ഭുതപ്രവർത്തകനെയാണ്. നിരവധി അത്ഭുതങ്ങൾ ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ച് അവരെ ക്രിസ്തു അത്ഭുതസ്തബ്ധരാക്കി. യേശു പ്രവർത്തിച്ചതായ നിരവധി അത്ഭുതങ്ങൾ സുവിശേഷങ്ങളിൽ ഒളിമങ്ങാതെ മറയാതെ പ്രതിഫലിച്ചു കിടപ്പുണ്ട്. കുഷ്ഠരോഗികളേയും, പിശാചുബാധിതരേയും, ശതാധിപന്റെ ഭൃത്യനേയും (മത്താ. 8:15, മാർക്ക് 1:40—45, ലൂക്കാ. 5:12—16, 17:11—19) പിശാചുബാധിതരേയും (മത്താ. 8:28—34, മാർക്ക്. 5:1—20, 1:21—28, ലൂക്കാ. 4:31—35, 5:1—9) അന്ധരേയും (മത്താ. 9:27—31, 20:29—34, മാർക്ക് 8:22—26; 10:46—52, ലൂക്കാ. 18:35—43, യോഹ. 9:1—13) ബധിരരേയും (മാർക്ക് 7:31—37) പത്രോസിന്റെ ശ്വശ്രുവിനെയും (മത്താ. 8:14—17, മാർക്ക് 1:29—34; ലൂക്കാ. 4:38—41) തളർവാതരോഗിയേയും (മത്താ. 9:1—8, മാർക്ക് 2:1—12; ലൂക്കാ. 5:17—26) രക്തസ്രാവമുള്ള സ്ത്രീയേയും (മത്താ. 9:19—23; മാർക്ക് 5:25—30; ലൂക്കാ. 8:43—44) ഊമനേയും (മത്താ. 9:32—34; ലൂക്കാ. 11:14—15) കൈ ശോഷിച്ച മനുഷ്യനേയും (മത്താ. 12:9—14; മാർക്ക് 3:1—6; ലൂക്കാ. 6:6—11) കാനാൻകാരിയുടെ പുത്രിയേയും (മത്താ. 15:21—28; മാർക്ക് 7:24—30) അപസ്മാരരോഗിയേയും (മത്താ. 17:14—18, മാർക്ക് 9:14—29; ലൂക്ക് 9:37—43) കൂനിയായ സ്ത്രീയേയും (ലൂക്കാ. 13:10—17) മഹോദരരോഗിയേയും (ലൂക്കാ. 14:1—4) ക്രിസ്തു സുഖമാക്കി. വൈദ്യശാസ്ത്രം അന്നും ഇന്നും ഒരു പേടിസ്വപ്നംപോലെ കണക്കാക്കുന്ന മരണമെന്ന പ്രതിഭാസത്തെ തച്ചന്റെ

malankaralibrary.com

മകനു് നിസ്സാരമായിരുന്നു. ജൈറസ്സിൻെറ പുത്രിയേയും നയിം പട്ടണത്തിലെ വിധവയുടെ മകനേയും ലാസറിനേയും അവിടുന്നു പുനഃജീവിപ്പിച്ചു (മത്താ. 9:18–28; മാക്കു് 5:21–24, 35–43; ലൂക്കാ. 8:40–42, 49–56; ലൂക്കാ. 71:11–17; ജോൺ 11:1–45). അവിടുത്തെ ആജ്ഞയാൽ പ്രകൃതിപോലും ശാന്തമായി (മത്താ. 8:23–27; മാക്കു് 4:35–41; ലൂക്കു് 8:22–25). ജലത്തിനു മീതേ അനായാസം ക്രിസ്തു നടന്നു (മത്താ. 14:22–32; മാക്കു് 6:45–52; യോഹ. 6:15–21). വിശന്നുപൊരിഞ്ഞ ജനാവലിയെ യേശു, ആവശ്യമായ ഭോജ്യം നൽകി സംതൃപ്തരാക്കി(മത്താ. 8:1–10; 14:13–21; മാക്ക്. 6:30–44, 8:1–10; ലൂക്കാ. 9:10–17). യേശുവിൻെറ വചനത്താൽ പച്ചവെള്ളം മുന്തിരിച്ചാറായി രൂപാന്തരിച്ചു (യോഹ 2:1–11). അത്തിവൃക്ഷംപോലും അവിടുത്തെ കോപാക്രാന്തമായ ദർശനമാത്രയിൽ വരണ്ടുണങ്ങി (മത്താ. 21:18–22; മാക്കു് 11:12–14, 20–24). യേശുവിൻെറ പരസ്യകാലജീവിതത്തിൽ പ്രവർത്തിച്ചതായ അത്ഭുതങ്ങൾ കണ്ടു് ജനാവലിക്കു് തങ്ങളെത്തന്നെയും യേശുവിനേയും വിശ്വസിക്കാൻ കഴിഞ്ഞില്ല. 'ഇവൻ തച്ചനായ യൗസേപ്പിൻേറയും നസ്രത്തിലെ മേരിയുടേയും മകനല്ലേ' എന്നു് വിസ്മയഭരിതരായി വിളിച്ചുപറഞ്ഞുപോയി. എന്നാൽ അവിടുത്തെ, ബദ്സയ്ദായിലേയും ഗെനേസറത്തിലേയും അത്ഭുതപ്രവർത്തികൾ കണ്ടു്, അതേ ജനസഞ്ചയം, യേശു, യഥാർത്ഥ പ്രവാചകനാണെന്നു വിധിയെഴുതി.

ഇന്നത്തെ ലോകവും യേശുവിനെ ഒരു അത്ഭുതപ്രവർത്തകനായി കണക്കാക്കുന്നതിലും അംഗീകരിക്കു

malankaralibrary.com

ന്നതിലും ഒട്ടും വൈമനസ്യം കാട്ടുന്നില്ല. കാരണം, യേശുവിൻെറ എണ്ണമററ അത്ഭുതപ്രവർത്തികൾ അവരുടെ ജീവിതത്തിലും ചിന്താമണ്ഡലത്തിലും അനവദ്യകാന്തിപൂരമായി തങ്ങിത്തിങ്ങി നില്ക്കുന്നതുകൊണ്ടു്. എന്നാൽ ക്രിസ്തുവിനെപ്പോലെതന്നെ നമ്മൾക്കു് അത്ഭുതപ്രവർത്തകരായി അംഗീകരിച്ചുകൂടെ, സത്യസായിബാബായേയും, കടമിററത്തു കത്തനാരേയുമൊക്കെ. പത്രങ്ങൾ ഒരുപിടി നാളുകൾക്കു മുമ്പേ, സത്യസായിബാബാ ആകാശത്തുനിന്നും മലരുകൾ വർഷിച്ചതായും ജലത്തിനു മീതെ നടക്കുവാൻ പരിശ്രമിച്ചതായും രേഖപ്പെടുത്തിയിരുന്നു. ചരിത്രപ്രസിദ്ധമായ മറെറാരു പ്രാതിഭാസികതയാണു് കടമിററത്തു കത്തനാരുടേതു്. അദ്ദേഹം, ജലത്തിനു മീതെ നടന്നതായും അപ്പം വർദ്ധിപ്പിച്ചതായും യക്ഷികളെ നിയന്ത്രിച്ചതായും കുതന്ത്രപരമാത്രമായ മന്ത്രവിദ്യകളെ ഉന്മൂലനംചെയ്തതായും കത്തനാരുടെ അഭാവത്തിൽ, കിടക്കറയിലെ കട്ടിലിനെക്കൊണ്ടു് സംസാരിപ്പിച്ചതായും ഗ്രന്ഥങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇന്നു് പൂനയിലെ രജനീഷ് ആശ്രമത്തിലെത്തി അത്ഭുതകരമാംവിധം രോഗശാന്തി നേടുന്നവരുടേയും സംഖ്യ വിരളമല്ലപോലും! ആകയാൽ, ഒരു അത്ഭുതപ്രവർത്തകനെക്കണ്ടുമുട്ടാൻ രണ്ടായിരം വർഷങ്ങൾക്കപ്പുറം നാം തീർത്ഥയാത്ര ചെയ്യേണ്ടതില്ലല്ലോ? നമ്മുടെ നൂററാണ്ടിലെ സമകാലികരായ അത്ഭുതപ്രവർത്തകരെയല്ലേ കൂടുതൽ അംഗീകരിക്കുവാനും, അനുനയിക്കുവാനും തോന്നുക. ക്രിസ്തുവിനെ എന്തിനു് അനുകരിക്കണം. എന്തെന്നാൽ ക്രിസ്തുവും ഒരു അത്ഭുതപ്രവർത്തകനാണു്; സത്യസായിബാബായും, കടമിററത്തു കത്തനാരും രജനീഷുമൊക്കെ അത്ഭുതപ്രവർത്തകരാണു്. അത്ഭുതപ്രവർത്തകരുടെ ആരുടെയെങ്കിലും ശിഷ്യരായി

malankaralibrary.com

രിക്കുവാനാണു് ആഗ്രഹിക്കുന്നതെങ്കിൽ, നമ്മുടെ സമകാലികരായ അത്ഭുതപ്രവർത്തകരുടെ ശിഷ്യരായിരുന്നാൽ പോരേ? മറിച്ചു് നമ്മൾ ക്രിസ്തുശിഷ്യരായിരിക്കുന്നു. എന്തുകൊണ്ടു്?

## ക്രിസ്തു: സമുദായോദ്ധാരകൻ

സമുദായത്തെ ഉദ്ധരിക്കണമെങ്കിൽ, അതിൻെറ ഘടനാബലം കൂട്ടുകയോ, സംഘടിതശക്തി വർദ്ധിപ്പിക്കുകയോ ചെയ്യുന്നതുകൊണ്ടാവില്ലെന്നു മനസ്സിലാക്കിയ യേശു, സമുദായത്തിൻെറ കർതലും സത്തയുമായ മനുഷ്യനെ സമുദ്ധരിക്കുവാൻ തൻെറ ജീവൻ ഉഴിഞ്ഞുവച്ചു. അശരണരേയും വ്രണിതഹൃദയരേയും സഹനത്തിൻെറ കനത്ത കനലിൽ വെന്തുനീറുന്നവരേയും, നിരാശ്രയരേയും നിസ്സംഗത അനുഭവിക്കുന്നവരേയും ആകുലരേയും അഗതികളേയും അവശരേയും അവിടുന്നു് ആശ്വസിപ്പിച്ചു. തൻെറ വാക്കിലൂടെയും കർമ്മങ്ങളിലൂടെയും, സമൂഹം ചവച്ചുതുപ്പിച്ചണ്ടിയാക്കിയ മനുഷ്യവികോലങ്ങൾക്കു് പലയവസരങ്ങളിലും മനുഷ്യത്വം നൽകി, പുനർജീവൻ നൽകിയവനാണു് യേശു. എല്ലാ മനുഷ്യർക്കുവേണ്ടിയും അവിടുന്നു ജീവിച്ചു. യഹൂദവർഗ്ഗം തിരസ്ക്കരിച്ചു തള്ളിയ എല്ലാ മനുഷ്യരോടുമൊപ്പം അവിടുന്നു ചലിക്കുകയും ജീവിക്കുകയും ചെയ്തു. എല്ലാവരേയും അവിടുന്നു് ഒരുപോലെ സ്നേഹിച്ചു. അവർക്കുവേണ്ടി അക്ഷീണം യത്നിച്ചു. പുരുഷന്മാരോടൊപ്പം ക്രിസ്തു എപ്രകാരം ചലിച്ചുവോ അപ്രകാരം സ്ത്രീകളോടുമൊപ്പം അവിടുന്നു ചലിച്ചു. അവരും യേശുവിനെ ആത്മാർത്ഥമായി സ്നേഹിച്ചു. വിവാഹമോചനപ്രക്രിയയെ നിർത്തലാക്കിക്കൊണ്ടു് അവിടുന്നു് സ്ത്രീരത്നങ്ങൾക്കു് പുരുഷന്മാ

malankaralibrary.com

രോടൊപ്പം സമാനത നൽകി. ''അവിടംവിട്ട് ഈശോ യോർദ്ദാന്റെ മറുകരയിലുള്ള യൂദയാ ദേശത്തു വന്നു ചേന്നു. പുരുഷാരം വീണ്ടും അവിടുത്തെ അടുക്കൽ തടിച്ചുകൂടി. പതിവുപോലെ അവിടുന്നു് അവരെ പഠിപ്പിച്ചുകൊണ്ടിരുന്നു. അപ്പോഠം ഫരിസേയർ വന്നു് പരീക്ഷിക്കുവാൻവേണ്ടി ഇപ്രകാരം ചോദിച്ചു: 'ഒരുവൻ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നതു് ന്യായമാണോ?' അവിടുന്നു ചോദിച്ചു: 'മൂശ എന്താണു് നിങ്ങളോടു് ആജ്ഞാപിച്ചിട്ടുള്ളതു്?' അവർ മറുപടി പറഞ്ഞു: 'ഉപേക്ഷണപത്രം എഴുതിക്കൊടുത്തു് അവളെ ഉപേക്ഷിക്കുവാൻ മൂശ ഞങ്ങഠംക്കു് അനുവാദം നൽകിയിട്ടുണ്ടു്'. ഈശോ അവരോടു് അരുഠംചെയ്തു: 'നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രേ മൂശ നിങ്ങഠംക്കു് അങ്ങനെയൊരു കല്പന എഴുതിത്തന്നതു്. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം മനുഷ്യരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ആകയാൽ പുരുഷൻ തന്റെ മാതാപിതാക്കന്മാരെ വിട്ടു് ഭാര്യയോടു ചേന്നു്, ഇരുവരും ഒരു മെയ്യായിത്തീരുന്നു. പിന്നെ അവർ രണ്ടല്ല; ഒന്നാണു്. തന്നിമിത്തം ദൈവം യോജിപ്പിച്ചതു് മനുഷ്യൻ വിയോജിപ്പിക്കാതിരിക്കട്ടെ''' (മർക്കോ 10:1–10)

അവകാശങ്ങഠംക്കൊന്നും അർഹതയില്ലാത്ത പൈതങ്ങഠംക്കുപോലും ഉന്നതമായ സ്ഥാനം ക്രിസ്തു നല്കി. ''യേശു ഒരു ശിശുവിനെ വിളിച്ചു് അവരുടെ മുന്നിൽ നിർത്തിക്കൊണ്ടു് അരുഠംചെയ്തു: 'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങഠം മാനസാന്തരപ്പെട്ടു് ശിശുക്കളെപ്പോലെ ആകാത്തപക്ഷം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണു് സ്വർഗ്ഗരാജ്യത്തിലെ ഏററവും

malankaralibrary.com

വലിയവൻ'(മത്താ. 18:2—5). അവരുടെ നിഷ്കളങ്കതയിൽ അവിടുന്ന് അവരെ അഭിനന്ദിക്കുകയും യുവതലമുറയ്ക്കൊരു മാതൃകയായി അവരെ അവിടുന്ന് പ്രതിഷ്ഠിക്കുകയും ചെയ്തു. 'ശിശുക്കരം എൻെറ അടുക്കൽ വരുവാൻ അനുവദിക്കുവിൻ. അവരെ തടയേണ്ട. ദൈവരാജ്യം അവരെപ്പോലുള്ളവക്ക് ഉള്ളതാണ്. ശിശുവിനെപ്പോലെ ദൈവരാജ്യത്തെ സ്വീകരിക്കാത്തവർ അതിൽ പ്രവേശിക്കുകയില്ല.' പിന്നീട് അവിടുന്ന് അവരെ ആശ്ലേഷിക്കുകയും അവരുടെ മേൽ കൈവച്ച് അനുഗ്രഹിക്കയും ചെയ്തു'' (മക്കോ. 10: 14—16).

നസ്രെത്തിലെ യൗസേപ്പിൻേറയും മേരിയുടേയും മകനായ യേശു പാവപ്പെട്ടവരുടെ ഒരു ആശാകേന്ദ്രമായിരുന്നു. കരയുന്നവരെ അവിടുന്ന് ആശ്വസിപ്പിച്ചു. അശരണക്ക് ആശ്വാസം നൽകി. വിശന്നുപൊരിഞ്ഞവക്ക് അപ്പം പ്രദാനംചെയ്തു. സമൂഹത്തിൻെറ ഇംഗിതനിവൃത്തിക്കായി മനുഷ്യത്വത്തിൻെറ പവിത്രതയെ കളങ്കപ്പെടുത്തിയ വേശ്യകളേയും യേശു പുറംതള്ളിയില്ല. അവക്ക് ആശയും പ്രത്യാശയും അവിടുന്ന് വാഗ്ദാനംചെയ്തു. അങ്ങനെ എല്ലാവരേയും തന്നിലേയ്ക്ക് ആഹ്വാനംചെയ്തു. 'അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങരം എല്ലാവരും എൻെറ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം' (മത്താ. 11:28—29).

ക്രിസ്തുവിനെ ഒരു സമുദായോദ്ധാരകനായി പരിഗണിക്കുമ്പോരം, മററു സമുദായോദ്ധാരകരേയും നാം പരിഗണിക്കേണ്ടതുണ്ട്. അവരും ചരിത്രത്തിൽ പേരും പെരുമയും നേടിയിട്ടുള്ളവരാണ്. അവരുടെയൊ

malankaralibrary.com

ക്കെ സേവനവും ത്യാഗവും സമൂഹത്തിനൊരിക്കലും മറക്കാനാവില്ല. അവരുടെ ജീവിതവും ഓജസ്സും ശക്തിയുമെല്ലാം സമൂഹത്തിനുവേണ്ടി, സമൂഹത്തിന്റെ ശ്രേയസ്സിനും ഉന്നതിക്കും വേണ്ടി, ബലിയർപ്പിച്ചിട്ടുള്ളവരാണ്; ഇന്നും ആ ലക്ഷ്യത്തോടെതന്നെ പലരും സമൂഹത്തെ സേവിക്കുന്നുണ്ട്. അതിൽ പ്രഥമഗണനീയാർഹയാണ് കൽക്കട്ടയിലെ മദർ തെരേസാ. കൽക്കട്ടയുടെ തെരുവീഥികളിൽ, സമൂഹത്തിന്റെ മരിച്ച സ്പന്ദനങ്ങളായി, വലിച്ചെറിയപ്പെട്ട നിരാശ്രയരേയും നിരാലംബരേയും അസ്തിത്വത്തിനായി കേഴുന്ന വിധവകളേയും വേശ്യകളേയും കാരുണ്യത്തോടെ സ്വീകരിച്ച്, പരിപാലിച്ചുപോരുന്നുണ്ട്. സമൂഹത്തിന്റെ മരിച്ച വികാരവിചാരങ്ങളെ ഉണർത്തുവാൻ അവരൾ പ്രചോദകയായി വർത്തിക്കുന്നു. മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും അസ്തിത്വത്തിനും ഭീഷണികൾ ഉയർത്തുന്ന മാരകായുധങ്ങൾക്കുമെതിരെ മദർ തെരേസാ ശബ്ദമുയർത്തുന്നു. ജീവിതം സമൂഹത്തിനുവേണ്ടി അർപ്പിച്ചിരിക്കുന്നതുകൊണ്ടാണ് അവളെ 'പാവങ്ങളുടെ അമ്മ' എന്നും 'ജീവിച്ചിരിക്കുന്ന വിശുദ്ധ' എന്നുമൊക്കെ വിശേഷിപ്പിക്കുന്നത്. അവരുടെ പ്രവർത്തനോന്മുഖവും കർമ്മോദ്യുക്തവുമായ ജീവിതത്തിന് അംഗീകാരമെന്ന നിലയിൽ ലോകം നൽകുകയുണ്ടായി പല അവാർഡുകളും നോബൽ സമ്മാനവുമൊക്കെ. എന്നാൽ സേവനത്തിലൂടെ ജീവൻ ആഹുതിചെയ്ത ഗലീലേയന് അന്നത്തെ ലോകം ഒരു അവാർഡും നൽകിയില്ല. ഒരു അനുമോദനസമ്മേളനംപോലും അദ്ദേഹത്തിനുവേണ്ടി സമൂഹം സംഘടിപ്പിച്ചില്ല. ഇത്രയുമൊക്കെ അവാർഡും അംഗീകാരവുമൊക്കെ ലഭിച്ച മദർ തെരേസായുടെയോ മറ്റോ അനുഗാമികളായിരുന്നാൽപോരേ ന

malankaralibrary.com

ന്മാരാണ്? നമുക്ക് അവരെത്തന്നെയോ ഇല്ലെങ്കിൽ ലോകപ്രസിദ്ധിതന്നെ നേടിയ മററു വ്യക്തികളെ അനുഗമിക്കയല്ലെ കൂടുതൽ ഉചിതം? എന്നാൽ, മദർ തെരേസായുടെയോ, ഗാന്ധിജിയുടെയോ, സഞ്ജയ് ഗാന്ധിയുടെയോ ശിഷ്യത്വം നാം സ്വീകരിച്ചാലും, നാം നമ്മുടെ ജീവിതസാക്ഷാത്ക്കാരവും അതിലുള്ള സംതൃപ്തിയും കണ്ടെത്തുന്നില്ല. മറിച്ച് ജീവിതസായൂജ്യം കരസ്ഥമാക്കുവാൻ ഗലീലേയിനിലേയ്ക്കുതന്നെ നടന്നടുക്കുന്നു. അവിടുത്തെ ഗുരുവും നാഥനുമായി നാം അംഗീകരിക്കുന്നു. എന്തുകൊണ്ട്?

## ക്രിസ്തു: മതസ്ഥാപകൻ

ലോക ജനസംഖ്യയിൽ മൂന്നിലൊരു ഭാഗം വരുന്ന ക്രൈസ്തവരുടെ നേതാവാണ് ക്രിസ്തു. ക്രിസ്തുവിൽ നിന്നും ഉരുത്തിരിഞ്ഞതുമാണ് അവിടുന്ന സ്ഥാപിച്ച ക്രൈസ്തവമതം. തന്റെ മതത്തെ വ്യവസ്ഥാപിതമതമായി ഉയർത്തിയില്ലായിരുന്നുവെങ്കിൽ ഇന്ന് ലോകമതങ്ങളിൽ ഒന്നു നഷ്ടപ്പെട്ടുമായിരുന്നു. ധാർമ്മികതയും സദാചാരനിയമങ്ങളും ആചാരങ്ങളും കൂട്ടിയിണക്കി മതത്തെ വ്യവസ്ഥാപിതമാക്കി. അവിടുത്തെ മതത്തിന്റെ ഉൾക്കാമ്പും സത്തയുമെല്ലാം മലയിലെ പ്രസംഗത്തിൽ (മത്താ. 5:1–48) സുവിദിതവും സുവ്യക്തവുമായി തളംകെട്ടിക്കിടക്കുന്നു. കൺഫ്യൂഷ്യസ്സും സൊറാസ്റ്ററും, സോക്രട്ടീസും ബുദ്ധനും ജീനനും മുഹമ്മദുമൊക്കെ മതസ്ഥാപകരാണ്. അവരും തന്റെ അനുയായികൾക്ക്, പ്രഭാഷണങ്ങളും നിയമങ്ങളും തത്വങ്ങളുമൊക്കെ നൽകിയിട്ടുണ്ട്. അവരും ദൈവത്തിങ്കലേക്കാനയിക്കുന്ന മാർഗ്ഗങ്ങൾ തങ്ങളുടെ അപ്പസ്തോലന്മാർക്ക് നൽകുകയുണ്ടായി. എന്നാൽ ഈ മതസ്ഥാ

malankaralibrary.com

പകരുടെയോ നിയമോപദേഷ്ടാക്കളുടെയോ അപ്പസ്തോലന്മാരല്ല നാം. ക്രിസ്തുവിൻെറ മാത്രം അപ്പസ്തോലന്മാരാണ്. മനുഷ്യൻ മതാത്മകനാകയാൽ, ഏതെങ്കിലുമൊരു മതത്തിൽ അവൻെറ സാക്ഷാത്ക്കാരവും സായൂജ്യവും സമഗ്രതയും കണ്ടെത്തണം. അതിനാൽ ഏതെങ്കിലുമൊരു മതത്തിൽ വിശ്വസിക്കേണ്ടതു് ആവശ്യമായിവരുന്നതുകൊണ്ടു്, ഒരു മതത്തിലും വിശ്വസിക്കാത്ത വ്യക്തിയാണ് നാമെന്നറിഞ്ഞു് മററുള്ളവർ നമ്മെ അപമാനിക്കുമല്ലോ എന്നുള്ളതുകൊണ്ടാണോ, മതങ്ങളിലൊന്നായ ക്രൈസ്തവമതം സ്വീകരിച്ചിരിക്കുക?

## ക്രിസ്തു: മനുഷ്യസ്നേഹി

മനുഷ്യനെ എല്ലാററിൻെറയും മൂലകാരണമാക്കി, സർവ്വത്തിൻെറയും സിരാകേന്ദ്രമാക്കി പ്രതിഷ്ഠിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണീ ഇരുപതാം നൂററാണ്ടു്. മനുഷ്യന് അനുദിനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യത്വം നൽകുവാനും, അവനെ ശാദ്വലതയിലേക്ക് ആനയിക്കുവാനും പരിശ്രമിക്കുന്ന നിരവധി ഹ്യൂമനിസ്ററുകളിൽ–മനുഷ്യസ്നേഹികളിൽ — പ്രഥമഗണനീയരാണ്, ഡൊറേറായ്വിസക്കി, പാസ്ക്കൽ, ഗബ്രിയേൽ മാർഷൽ തുടങ്ങിയവർ. ക്രിസ്തുവും ജീവിച്ചിരുന്നതു്, മനുഷ്യനുവേണ്ടിയായിരുന്നു. അവൻെറ അസ്തിത്വത്തിനു് അർത്ഥം നൽകുന്നതിനുവേണ്ടിയായിരുന്നു. മനുഷ്യവളർച്ചയെ, മനുഷ്യസ്വാതന്ത്ര്യത്തെ തടയുന്ന നിയമങ്ങൾക്ക് അർത്ഥമില്ല; നിയമങ്ങൾ മനുഷ്യനുവേണ്ടിയുള്ളതാണ് എന്നദ്ദേഹം നിയമനിർമ്മാതാക്കളോടും ഫരിസേയരോടും പ്രീശരോടും വ്യക്തമായി പറയുകയും അതിനുവേണ്ടി തൻെറ ജീവൻ ഹോമിക്കയുംചെയ്തു. സ്നേഹത്തിൻെറ മുരളിക മാത്രമേ അവിടുന്നു മീട്ടി

malankaralibrary.com

യുള്ളു. സഹോദരനുവേണ്ടി ജീവൻ ബലികഴിക്കുന്നതി നേക്കാൾ വലിയൊരു സ്നേഹമില്ലെന്ന് അവിടുന്നു പ്രഘോഷിച്ചു. 'കണ്ണിനു പകരം കണ്ണ്', പല്ലിനുപകരം പല്ല് എന്ന ചൊല്ല് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ? എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. ദ്രോഹിയെ നിങ്ങൾ എതിർക്കരുത്. നിന്റെ വലത്തേ കന്നത്ത് അടിക്കുന്നവന് ഇടത്തേ കന്നം കൂടി കാണിച്ചുകൊടുക്കുക. നിന്നോട് ശണ്ഠകൂടി നിന്റെ ഉടുപ്പ് കരസ്ഥമാക്കാനുദ്യമിക്കുന്നവന് നിന്റെ മേലങ്കികൂടി വിട്ടുകൊടുത്തേക്കുക'(മത്താ. 5:38–41). 'നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ വെറുക്കുന്നവർക്ക് നന്മ ചെയ്യുവിൻ. നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹിക്കുകയാണെങ്കിൽ പ്രതിഫലത്തിന് എന്ത് അവകാശമാണുള്ളത്. ചുങ്കക്കാർപോലും അങ്ങനെ ചെയ്യുന്നില്ലേ. സഹോദരരെ മാത്രമേ നിങ്ങൾ അഭിവാദ്യം ചെയ്യുന്നുള്ളു. എങ്കിൽ മററുള്ളവർ ചെയ്യുന്നതിനേക്കാൾ കൂടുതലായി എന്താണ് നിങ്ങൾ ചെയ്യുന്നത്. വിജാതീയരും അപ്രകാരം ചെയ്യുന്നില്ലേ' (മത്താ. 5:43–45).

ക്രിസ്തുവിന്റെ ഹൃദയാവർജ്ജകമായ വികാരാവിഷ്ക്കരണത്തിലൂടെ നാം ഒരു മനുഷ്യസ്നേഹിയെയല്ലാതെ മററാരെയുമല്ലിവിടെ കണ്ടുമുട്ടുക. മനുഷ്യസ്നേഹികളായി എണ്ണപ്പെട്ടിട്ടുള്ളവരിൽ ആരാണ് മനുഷ്യവിദ്വേഷികളും മനുഷ്യധ്വംസകരുമായിട്ടുള്ളത്. ഗാന്ധിജി ഒരു ജീവിയെപ്പോലും കൊലചെയ്യുകയോ നൊമ്പരപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിനോബഭാവെ ഗോവധനിരോധനത്തുപോലും സത്യഗ്രഹമനുഷ്ഠിച്ചിട്ടുണ്ട്; മൃഗങ്ങളോടുപോലുമുള്ള അദ്ദേഹത്തിന്റെ സ്നേഹം! എന്നാൽ, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വീണ

malankaralibrary.com

യിൽ, ചിലയവസരങ്ങളിൽ അപശ്രുതികഠം വീഴാ തിരുന്നിട്ടില്ല. 'അണലിസന്തതികളേ', 'വെള്ളയടിച്ച കുഴിമാടങ്ങളേ' എന്നൊക്കെയുള്ള ശാപവർഷം സ്നേഹത്തിൻെറ രാഗഭാവങ്ങളല്ലല്ലോ. ദൈവാലയത്തിൽ കച്ചവടം നടത്തിയിരുന്നവരെ, കയറുകൊണ്ടു് ചാട്ടയുണ്ടാക്കി അടിച്ചോടിക്കയും നാണയമാററക്കാരുടെ നാണയങ്ങഠം ചിതറിച്ചുകളയുകയും മേശത്തട്ടുകളെല്ലാം തട്ടിമറിക്കുകയും ചെയ്തതു് സ്നേഹത്തിൻെറ പ്രത്യക്ഷമായ മനുഷ്യഭാവമായിരുന്നോ. ഇതൊക്കെയാണെങ്കിലും, ഒരൊററ ജീവിയെപ്പോലും മനസ്സാ വാചാ കർമ്മണാ ദ്രോഹിക്കാത്ത ഗാന്ധിജിയോ, വിനോബഭാവയോ, മനുഷ്യസമുദായത്തിനുവേണ്ടി നിലകൊള്ളുകയും, വിശപ്പത്തെ ഉത്തേജിപ്പിക്കുകയും ചെയ്ത മനുഷ്യസ്നേഹികളായ സാർത്രു്, ഡൊറേറായ് വിസ്ക്കിയോ, പാസ്ക്കലോ, ഗബ്രിയേൽ മാർഷലോ അല്ലാ ക്രൈസ്തവരുടെ ജീവിതജേതാക്കഠം; ക്രിസ്തുവാണു് അവരുടെ ജീവിതജേതാവു്. ഈ ക്രിസ്തുവിലാണു് ക്രൈസ്തവർ ജീവിതശാദ്വലതയും. സംപൂർണ്ണതയും കണ്ടെത്തുന്നതു്. മറെറാരു മനുഷ്യസ്നേഹിയും മനുഷ്യജീവിതത്തിൻെറ നിശ്ശൂന്യതയെയോ, കറുത്ത നിശീഥിനികളെയോ ഉന്മൂലനം ചെയ്യുവാൻ പര്യാപ്തരല്ല.

അങ്ങനെ പലരുടെയും വിവിധങ്ങളായ കാഴ്ചപ്പാടുകളിൽ ക്രിസ്തുവെന്ന ഏക വ്യക്തിയെ വിവിധരൂപഭാവങ്ങളിലാണു് അവതരിപ്പിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ക്രിസ്തു ഒരു ആദർശവാദിയോ പരോപകാരിയോ, ഒരു സമുദായോദ്ധാരകനോ സമുദായ പരിഷ്കർത്താവോ ഒരു അത്ഭുതപ്രവർത്തകനോ വിപ്ലവകാരിയോ ഒരു മതസ്ഥാപകനോ മനുഷ്യസ്നേഹി

malankaralibrary.com

യോ, രക്തസാക്ഷിയോ ആയിരുന്നതുകൊണ്ടു മാത്രമല്ല നാം ക്രിസ്തുവിനെ അംഗീകരിക്കുക, പിഞ്ചെല്ലുക. ഈ അനുഗതാപ്രക്രിയയ്ക്കു പിന്നിൽ അതുല്യവും സനാതനവുമായൊരു അടിസ്ഥാനമുണ്ട്. അതാണ്, അവിടുത്തെ ദൈവത്വം; യേശു സജീവനായ ദൈവത്തിന്റെ ഏകപുത്രനാണ്. 'ഞാൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നതെന്ന്'' യേശു തന്റെ ശിഷ്യന്മാരോടു ചോദിച്ചു. അവർ പ്രതിവചിച്ചു: സ്നാപകയോഹന്നാനെന്ന് ചിലരും ഏലിയാസെന്ന് വേറെ ചിലരും, പ്രവാചകരിൽ ഒരുവനെന്ന് മററു ചിലരും പറയുന്നു. അവിടുന്നു വീണ്ടും ചോദിച്ചു: 'എന്നാൽ ഞാൻ ആരാണെന്നാണു നിങ്ങൾ പറയുന്നത്? പത്രോസ് പ്രതിവചിച്ചു. അങ്ങ് മിശിഹാ ആകുന്നു' (മർക്കോ 8:27–30). അതോ അവിടുന്നു ലോകത്തിലേക്കു വരുവാനിരുന്ന ദൈവത്തിന്റെ പുത്രനാണെന്നാണ് ഓരോ ക്രൈസ്തവനും ഏററു പറയേണ്ടത്. ഈ ഏററുപറച്ചിൽ സജീവവും സാകല്യവുമാകണമെങ്കിൽ ഗലീലേയ ലോകത്തിൽ ജീവിച്ച യേശുവിനേയും അവിടുത്തെ അസ്തിത്വത്തിൽ അലിഞ്ഞുചേർന്നിരുന്ന ദൈവത്വത്തേയും നാം കണ്ടെത്തണം. ഈ ദൈവമനുഷ്യരഹസ്യത്തിന്റെ ഉള്ളറകളിലേയ്ക്ക് ഊളിയിട്ടിറങ്ങി ചെല്ലണം. എങ്കിൽ മാത്രമേ, അവിടുന്നു യഥാർത്ഥത്തിൽ ആരാകുന്നുവെന്നും നാം എന്തിന് അവിടുത്തേയ്ക്കുവേണ്ടി ജീവിക്കുന്നുവെന്നും അസ്തിത്വാത്മകമായ പരിഹാരം കണ്ടുപിടിക്കാനാവൂ.

ഒരു ബുദ്ധനോ, ജീനനോ, മുഹമ്മദ്നബിയോ, സ്വരാഷ്ട്രറോ, ഗാന്ധിജിയോ ആയിരുന്നില്ല ക്രിസ്തു. ഇവരുടേയും യേശുവിന്റേയും കർത്തവ്യനിരതയിലും

malankaralibrary.com

ഉപദേശ സംഹിതയിലും ഏകദേശ ഏകീകരണഭാവം കണ്ടുവെന്നു വരാം. പക്ഷേ നിസ്തുലത്വവും അനന്യവു മായൊരു വ്യക്തിത്വത്തിനുടമയാണ്; അവിടുത്തെ പ്രബോധനങ്ങളിൽ നൂതനമായ സജീവത്വം നിഴലി ച്ചുനില്ക്കുന്നു. അനേകവ്യക്തികളിൽ ഒരാൾ മാത്രമല്ലവി ടുന്ന്. അവരോരോരുത്തരേയുംപോലെ ഇന്നലെയുടെ നിമിഷങ്ങളിൽ ജന്മമെടുത്ത് ജീവിതത്തിന്റെ ഏതോ ഒരു ഘട്ടത്തിൽ പ്രചോദിതനായിത്തീർന്നവനുമല്ല ക്രി സ്തു. ലോകചരിത്രാരംഭത്തിലേ പ്രതീക്ഷിക്കപ്പെട്ടിരു ന്ന വ്യക്തിയായിരുന്നു. ആദിമാതാപിതാക്കന്മാർ പാ പത്തിന്റെ ചുമടുമായി പറുദീസായിൽനിന്നും കുടി യിറക്കപ്പെട്ടുവെങ്കിലും, അവരേയും അവരുടെ പരമ്പ രാഗതസന്തതികളേയും സമുദ്ധരിക്കുവാനും നീതീകരി ക്കുവാനും ദൈവം തന്റെ പുത്രനെ വാഗ്ദാനംചെയ്തു. ആ വാഗ്ദാനചരിത്രത്തിൽ പുതുക്കപ്പെടുകയും നവീകരി ക്കപ്പെടുകയും ചെയ്തു, രാജാക്കന്മാർവഴിയും പ്രവാച ന്മാർവഴിയും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾവഴിയും. 'നിന്റെ ദൈവമായ കർത്താവിനോടു് കീഴെ പാതാ ളത്തിലോ, മീതേ ഉന്നതങ്ങളിലോ, നീ ഒരു അടയാ ളം ചോദിച്ചുകൊള്ളുക. കർത്താവ് വീണ്ടും ആക്കാസി നോടു കല്പിച്ചു. താൻ അതു ചോദിക്കയോ കർത്താവി നെ പരീക്ഷിക്കയോ ചെയ്യുകയില്ലെന്ന് അദ്ദേഹം മറു പടി നൽകി. അപ്പോൾ ഇസയാസ് പറഞ്ഞു ദാവീ ദിന്റെ കുടുംബമേ കേൾക്കുക: മനുഷ്യരെ നിന്ദി ക്കുന്നതു പോരാഞ്ഞിട്ടാണോ നിങ്ങൾ ദൈവത്തേയും നിന്ദിക്കുന്നതു്? ആകയാൽ കർത്താവ് നിങ്ങൾക്കൊരു അടയാളം തരും. ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്ര നെ പ്രസവിക്കും. ആ ശിശു എമ്മാനുവേൽ എന്നു വി ളിക്കപ്പെടും.' (ഇസയാസ് 7:10—14) 'ഇസ്രായേൽ

malankaralibrary.com

ഗോത്രത്തോടും യൂദാഗോത്രത്തോടും ഒരു പുതിയ ഉടമ്പ ടി ഞാൻ ചെയ്യുന്ന ദിവസം വരും. അവരെ കൈക്കു പിടിച്ച് ഈജിപ്തിൽനിന്നാനയിച്ച ദിവസം അവരു ടെ പിതാക്കന്മാരോടു ചെയ്ത ഉടമ്പടിപോലെയാകില്ല അതു്; ഞാൻ അവരുടെ കർത്താവായിരുന്നിട്ടും അവർ എൻെറ ഉടമ്പടി അവഗണിച്ചു എന്നു കർത്താവ് അരുളം ചെയ്യുന്നു. അക്കാലത്തിനുശേഷം ഞാൻ ഇസ്രയേൽ ഗോ ത്രത്തോടു ചെയ്യുന്ന ഉടമ്പടി ഇതായിരിക്കും. എൻെറ ന്യായപ്രമാണം അവരുടെ അന്തരംഗത്തിൽ സ്ഥാ പിതമാകും; അതു് ഞാൻ അവരുടെ ഹൃദയത്തിൽ എ ഴുതും; ഞാൻ അവരുടെ ദൈവവും അവർ എൻെറ ജന തയുമായിരിക്കും എന്നു കർത്താവരുളംചെയ്യുന്നു. മേ ലിൽ ആരും തൻെറ അയൽക്കാരനോടോ സഹോദര നോടോ 'കർത്താവിനെ അറിയുക' എന്നു് ഉപദേശിക്ക യില്ല. ചെറിയവൻ മുതൽ വലിയവൻ വരെ എല്ലാ വരും എന്നെ അറിയും. ഞാൻ അവരുടെ അകൃത്യങ്ങളം ക്ഷമിക്കും; അവരുടെ പാപങ്ങളം ഇനി ഓർമ്മിക്കയി ല്ല എന്നു കർത്താവു് അരുളംചെയ്യുന്നു' (ജെറ. 31:31–34).

യുഗങ്ങളായി ആരെക്കുറിച്ച് പ്രവചിക്കപ്പെട്ടിരു ന്നോ, ആക്കുവേണ്ടി വഴിയൊരുക്കിയിരുന്നോ, ജന ങ്ങളം ആക്കുവേണ്ടി പ്രത്യാശാഭരിതരായിരുന്നുവോ, ആ വ്യക്തി ചരിത്രത്തിലേക്കു കടന്നുവന്നു........' 'എ ന്നാൽ സമയത്തിൻെറ പൂർണ്ണതയിൽ ദൈവം തൻെറ പുത്രനെ അയച്ചു. നിയമത്തിനു് വിധേയരായിരുന്ന വരെ വീണ്ടെടുക്കുവാനും നമുക്കു ദത്തുപുത്രാവകാശം നൽകുവാനും വേണ്ടി അവിടുന്നു് സ്ത്രീയിൽനിന്നു് വി ധേയനായി ജനിച്ചു (ഗാലാ. 4:4–5) പ്രകൃത്യാ ദൈ വമായിരുന്ന അവിടുന്നു് ദൈവത്തോടുള്ള സമാനത

malankaralibrary.com

മുറകെ പിടിക്കേണ്ട ഒരു കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യമാക്കി, അടിമയുടെ പ്രകൃതി സ്വീകരിച്ച് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു' (ഫിലി. 2:6-7). 'അവിടുന്ന് എല്ലാ സൃഷ്ടികളിലും ആദ്യജാതനും അദൃശ്യനായ ദൈവത്തിൻെറ പ്രതിരൂപവുമാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും ദൃശ്യവും അദൃശ്യവുമായിട്ടുള്ള സമസ്തവും സിംഹാസനങ്ങളും പ്രഭുത്വങ്ങളും ശക്തികളുമെല്ലാം അവിടുത്തേക്കായും അവിടുന്നു മുഖാന്തിരവും സൃഷ്ടിക്കപ്പെട്ടവയാണ്. അവിടുന്ന് എല്ലാററിനും മുമ്പുള്ളവനത്രേ. സകലതും നിലനില്ക്കുന്നതു് അവിടുന്നു വഴിയാണ്. അവിടുന്നു സഭയാകുന്ന ശരീരത്തിൻെറ ശിരസ്സാണ്. സകലത്തിലും താൻ മുമ്പനാകേണ്ടതിന് അവിടുന്ന് എല്ലാററിൻെറയും ആരംഭവും മരിച്ചവരുടെ ഇടയിൽനിന്ന് ആദ്യം ഉയിർത്തെഴുന്നേററവനുമത്രേ. സകല പൂർണ്ണതയും തൻെറ പുത്രനിൽ വസിക്കുവാനും അവിടുന്നുവഴി തന്നോടു് രമ്യപ്പെടുത്തുവാനും അവിടുത്തെ രക്തംവഴി സമാധാനം ഉണ്ടാക്കാനും പിതാവു് തിരുമനസ്സായി' (കൊളോ. 1:15—20).

യോഹന്നാൻെറ സുവിശേഷം സമാരംഭിക്കുന്നതു് വചനസംഗീതത്തോടെയാണ്. അതായതു് ക്രിസ്തു വചനമായിരുന്നുവെന്നും ആ വചനം ദൈവത്തോടുകൂടെ ആയിരുന്നുവെന്നും ആ വചനത്താലത്രേ ഈ അണ്ഡകടാഹങ്ങളൊക്കെ സൃഷ്ടിച്ചതെന്നും അവിടെ വ്യക്തമാക്കുന്നു. 'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. പിതാവിൻെറ ഏക ജാതനു് സഹജമായ മഹത്വവും അവിടുത്തെ കൃപാവരവും സത്യവും നിറഞ്ഞ മഹത്വം നാം ദർശിച്ചു (യോഹ. 1:14).

malankaralibrary.com

ലോകത്തിനുവേണ്ടി തൻെറ സുതനെത്തന്നെ നല്ലാൻ ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ആ സുതൻെറ വരവോടുകൂടി ചരിത്രം രണ്ടായിത്തിരിഞ്ഞു. ഒരു പുതിയ യുഗം പിറന്നുവീണു. ഒരു പുത്തൻ വസന്തപ്പുലരിയിൽ ലോകം നിർവൃതി നേടി. ലോകത്തിനു് സമഗ്രവിമോചനം സുസാദ്ധ്യമായി. മനുഷ്യാവതാരത്തിലൂടെ, മനുഷ്യരോടുകൂടി മനുഷ്യനായി ജീവിക്കുവാൻ ചരിത്രാതീതനായ ദൈവം ചരിത്രത്തിലേക്കു് കടന്നുവന്നു.

'മനുഷ്യാവതാരം' ക്രൈസ്തവതത്വത്തിൻെറ അടിസ്ഥാനരഹസ്യമാണു്. എന്നും എന്നന്നേയ്ക്കുമായി ദൈവം ക്രിസ്തുവിൽ മനുഷ്യനായി. ദൈവശാസ്ത്രപരമായിട്ടുള്ള പരിചിന്തനമോ അമൂർത്താശയവിശകലനമോ അല്ലതു്. അവിടുത്തെ അപ്പസ്തോലന്മാരുടെ തികഞ്ഞ ജീവിതാനുഭവമാണു്. യേശുവിനോടൊപ്പം ജീവിക്കുകയും അദ്ദേഹത്തെ അനുഭവിക്കുകയും അനുകരിക്കുകയും ചെയ്ത അപ്പസ്തോലന്മാർ യേശുവിൻെറ ഉത്ഥാനത്തിനുശേഷം ക്രിസ്തുവിൽ ഒരു ഗുരുവിനേയും, പ്രവാചകനേയും, അഭിഷിക്തനേയും (മ്ശിഹാ) ദൈവപുത്രനേയും അവസാനം ദൈവത്തേയും കണ്ടു; അനുഭവിച്ചു.

## ക്രിസ്തു: ദൈവം

ക്രിസ്തു സ്വയം അവബോധമുള്ളവനായിരുന്നോ, താൻ ദൈവമായിരുന്നുവെന്നു്? തീർച്ചയായും. 'സമയം സമാഗതമായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. പശ്ചാത്തപിക്കുവിൻ' എന്നു പ്രഘോഷിച്ചുകൊണ്ടാണു് തൻെറ ദൗത്യം ക്രിസ്തു സമാരംഭിച്ചതു്. അ

malankaralibrary.com

വിടുന്ന് കേവലം ദൈവരാജ്യാഗമനത്തെക്കുറിച്ച് വാചാലമായൊരു പ്രസംഗം നടത്തുകയായിരുന്നില്ല, മറിച്ച് അവിടുന്ന പ്രവർത്തിച്ച അത്ഭുതങ്ങളിലൂടെ ദൈവരാജ്യം താൻതന്നെയാണെന്ന് വ്യക്തമാക്കുകയായിരുന്നു. 'ഞാൻ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നത് ദൈവശക്തിയാലാണെങ്കിൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽ എത്തിക്കഴിഞ്ഞിരിക്കുന്നുവെന്ന് ധരിച്ചു കൊള്ളുവിൻ' (ലൂക്കാ. 11:20). അവിടുത്തെ പാപമോചനാധികാരവും, പാപികളുമായുള്ള സ്ഥായിയായ കൂട്ടായ്മയും സഹാസ്തിത്വവും യേശു ദൈവമാണെന്ന യാഥാർത്ഥ്യത്തിലേയ്ക്ക് വെളിച്ചം വീശുന്നു.

ദൈവരാജ്യം താൻതന്നെയാണെന്നുള്ള ബോധ്യം മാത്രമായിരുന്നില്ല യേശുവിനുണ്ടായിരുന്നത്. പിതാവുമായുള്ള പരിപൂർണ്ണമായ കൂട്ടായ്മയേയുംകുറിച്ച് അവിടുന്ന ബോധവാനായിരുന്നു. ഈ പിതൃപുത്രബന്ധം അനന്യമായിരുന്നു. ദൈവത്തെ അഭിസംബോധനചെയ്യുവാനായി 'ആബാ' — 'പിതാവെ' എന്ന നാമം ക്രിസ്തു മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. യൂദയാ പാലസ്തീനായിൽ, ഹീബ്രൂ ഭാഷയിൽ 'അബിനു' (ഞങ്ങളുടെ പിതാവെ) എന്നും 'അബി' (എന്റെ പിതാവെ) എന്നുമാണ് ദൈവത്തെ വിളിച്ചിരുന്നതെങ്കിൽ ക്രിസ്തുവിന്റെ 'ആബാ' എന്ന സംജ്ഞ ധ്വനിപ്പിക്കുക താനും പിതാവുമായുള്ള സാന്ദ്രവും സ്ഥായിയുമായ ബന്ധത്തിന്റെ അഭേദ്യതയാണ്. ഒരു പൈതൽ പിതാവിനെ 'അപ്പാ', 'പപ്പാ' എന്നുവിളിക്കുന്നതുപോലെ ശിശുസഹജമായ നൈർമ്മല്യത്തോടെ ദൈവത്തെ നസറായനായ യേശു അഭിസംബോധനചെയ്തു. യേശുവിന്റെ ഈ അഭേദ്യമായ പി

malankaralibrary.com

തൃപുത്രബന്ധത്തിൻെറ മിഴിവുററ പ്രതിഫലനം പുതിയനിയമവിഭാഗങ്ങളിൽ, പ്രത്യേകിച്ച് സുവിശേഷങ്ങളിൽ പ്രതിബിംബിച്ചു കാണുന്നു. സുവിശേഷങ്ങളിൽ 'ആബാ' എന്ന നാമം 170 പ്രാവശ്യം ഉപയോഗിച്ചു കാണുന്നു. എന്നാൽ സുവിശേഷകക്ക് ആ പദത്തോടുള്ള പ്രത്യേക അഭിരുചികൊണ്ടല്ല തുടർച്ചയായി ഉപയോഗിച്ചിരിക്കുന്നത്. മറിച്ച്, യേശുതന്നെ ഉരുവിടുകയും 'പ്രിയപ്പെട്ട പിതാവിനോടു പുത്രൻ പറയുകയും ചോദിക്കുകയുംഒക്കെ ചെയ്യുന്നതുപോലെ യേശു പിതാവുമായിട്ട് സംഭാഷണത്തിൽ ഏപ്പെട്ടിരുന്ന[2] യാഥാത്ഥ്യത്തെ വരച്ചുകാട്ടുകയത്രേ ചെയ്യുന്നത്. വ്യക്തിഗതഐക്യവും ഹൃദയത്തിൻെറ ഹൃദ്യതയും അവിടെ സുമ്മോഹനമായി സമ്മേളിക്കുന്നു.

ഇസ്രയേൽ ചരിത്രത്തിലേക്കു കടന്നുചെല്ലുമ്പോഠം നാം കാണുന്നുണ്ടു് ഇസ്രയേൽ ജനങ്ങളും ദൈവവുമായുള്ള പിതൃപുത്രബന്ധം. 'അങ്ങാണു ഞങ്ങളുടെ പിതാവു്. അബ്രഹാം ഞങ്ങളെ അറിയുന്നില്ല. ഇസ്രയേലിനു ഞങ്ങഠം അജ്ഞാതരാണു്; കത്താവെ അങ്ങു് ഞങ്ങളുടെ പിതാവാകുന്നു; അനാദിമുതൽ അങ്ങു ഞങ്ങളുടെ രക്ഷകനാണെന്നാണു് അവിടുത്തെ നാമം' (ഇസയാസ് 63:16).

അപ്പോഠം ''സ്വഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ്'' എന്ന ഈ ഉപയോഗം ക്രിസ്തുവിനു മുൻപേതന്നെ കണ്ടുവരുന്നുണ്ടു്. അതിൻെറ വ്യക്തമായുള്ള ഉപയോ

2. ഡോ. ജോസഫ് കോട്ടയ്ക്കൽ, ''യേശുവും പ്രാർത്ഥനയും'' മതവും ചിന്തയും, പുസ്തകം 59. ലക്കം 6 (1979), പേജ് 557-558.

malankaralibrary.com

ഗം കുമ്റാൻ ഗ്രന്ഥങ്ങളിൽ കണ്ടിരുന്നില്ലെങ്കിലും, ക്രിസ്തുവിൻെറ കാലത്തും യൂദയാ പാലസ്തീനായിൽ യഹോവയെ പിതാവായി അംഗീകരിച്ചിരുന്നു. എന്നാൽ പുതിയനിയമത്തിൽ കാണുന്ന സാക്ഷ്യം തികച്ചും നൂതനവും സമഗ്രവുമാണ്. ദൈവത്തെ പിതാവായി കാണുകയും കർത്തൃപ്രാർത്ഥനയിലൂടെ 'പിതാവെ' എന്ന് ദൈവത്തെ ക്രിസ്തു അഭിസംബോധന ചെയ്യുകയും ചെയ്യപ്പോഠ വീക്ഷണത്തിലും ബന്ധത്തിലും ആഴമേറിയ ഒരു സമാഗമബന്ധമാണവിടെ ഉടലെടുത്തത്.

ദൈവമായ പിതാവിനോടുള്ള പൈതൃകമായ ബന്ധത്തിൻെറ സമുചിതമായ പ്രതിഫലനമാണ് യേശുവിൻെറ പ്രാർത്ഥന അഥവാ കർത്തൃപ്രാർത്ഥന. 'പിതാവെ' എന്നുള്ള യേശുവിൻെറ വിളിയിൽ, തൻെറ സമ്പൂർണ്ണ സമർപ്പണവും ആത്മഹുതിയും ആത്മദാനവും ഉദാത്തമായി നിഴലിക്കുന്നു. എന്തിനേയും ഏതിനേയും, ജീവിതത്തിലെ നേട്ടങ്ങളിൽനിന്നും ബന്ധനങ്ങളിൽനിന്നും, അവിടുത്തേയ്ക്ക് വിടുതൽ പ്രാപിക്കുവാൻ നിഷ്പ്രയാസം സാധിച്ചു. എന്തെന്നാൽ അവിടുന്ന് പിതാവിൽ വിശ്വാസത്തിലും പ്രതീക്ഷയിലും പരിപൂർണ്ണമായി തൻെറ ജീവിതം സമർപ്പിച്ചിരുന്നു. ഈ പ്രക്രിയ സാഹസികത മാത്രമല്ല; അതുല്യവുമാണ്. ദൈവത്തിൻെറ പിതൃത്വം ക്രിസ്തുവിലൂടെ സാർവ്വലൗകികമായിത്തീൎന്നു. കാരണം വിശ്വരാഷ്ട്രങ്ങളെയെല്ലാം തൻെറ രാജ്യത്തിലേയ്ക്ക് ക്ഷണിക്കപ്പെട്ടിരിക്കകൊണ്ടു് ആദിമ ക്രൈസ്തവർ ദൈവത്തെ ആബാ—പിതാവെ—എന്നു വിളിച്ചിരുന്നു (റോമ. 8: 15; ഗലാ. 4:1).

malankaralibrary.com

ക്രിസ്തുവിൻെറ കീഴ്വഴക്കം, പിതാവിനോടുള്ള പൈതൃകാവബോധത്തിൻെറ മറെറാരു തെളിവാണ്. ജീവിതോദയംമുതൽ, ജീവിതാസ്തമയംവരെ തിങ്ങി നിന്നിരുന്ന ദൗത്യബോധം, പിതാവിനോടുള്ള അ പ്രതിഹിതമായ ബന്ധത്തെ ആവിഷ്ക്കരിക്കുന്നു. 'ശാരീരികമായ ബലഹീനതനിമിത്തം ന്യായപ്രമാണത്തിന് ദുസ്സഹമായിരുന്നത് ദൈവം സാധിച്ചു തന്നു. പാപത്തിനു പരിഹാരം ചെയ്യുവാനുള്ള ബലിയായി അവിടുന്ന് തൻെറ പുത്രനെ പാപമയമായ ശരീരത്തിൻെറ സാദൃശ്യത്തിൽ ലോകത്തിലേക്കയച്ചാണ് ഇതു് സാധിച്ചതു്'' (റോമ. 8:3). 'തൻെറ ഏക ജാതനിൽ വിശ്വസിക്കുന്നവരാരും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ലോകത്തിനു വേണ്ടി തൻെറ സുതനെ നൽകാൻ തക്കവിധം ദൈവം അത്രമാത്രം ലോകത്തെ സ്നേഹിച്ചു' (യോഹ. 3: 16). 'തൻെറ ഏക ജാതൻമൂലം നാം ജീവിക്കേണ്ടതിനു ദൈവം അവിടുത്തെ ലോകത്തിലേക്കയച്ചു. ഇതിൽ നിന്നും ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രകടമായിരിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ചതിനാലല്ല, അവിടുന്നു നമ്മെ ആദ്യം സ്നേഹിച്ചതു്; തൻെറ പുത്രനെ നമ്മുടെ പാപങ്ങൾക്കു് പരിഹാരം ചെയ്യാൻ അയച്ചതു്. ഇതാണ് യഥാർത്ഥ സ്നേഹം' (1 യോഹ. 4: 10). വിശുദ്ധരായ പൗലോസും യോഹന്നാനും തങ്ങളുടെ ലിഖിതങ്ങളിലൂടെ വിവരിക്കുന്നതു്, യേശു പിതാവിനാൽ അയയ്ക്കപ്പെട്ടവനാണെന്നും, പിതാവിൽ നിന്നു സമാഗമിച്ചവനാണെന്നും പിതാവിലേയ്ക്കു് തിരികെ പോയവനാണെന്നുമാണ്. 'ദൈവപുത്രനായിരുന്നിട്ടും അവിടുന്നു തൻെറ പീഡകളുടെ ഇടയിൽ അനുസരണ അഭ്യസിക്കയത്രേ ചെയ്തതു്'' (ഹീബ്രു,

malankaralibrary.com

4:8) എന്നു വിവരിക്കുന്ന ലേഖനഭാഗവും ദൈവപുത്രന്റെ ദൈവത്തോടുള്ള പരിപൂർണ്ണ കീഴ്‌വഴക്കത്തേയും അനുസരണയേയും ആണ് വരച്ചുകാട്ടുന്നത്.

## ക്രിസ്തുവിന്റെ സാക്ഷ്യം

ചരിത്രത്തിന്റെ ഏടുകളിൽ ഇന്നിതേവരേയും, നസ്രത്തിലെ യേശുവല്ലാതെ, മററാരും ദൈവപുത്രനെന്നോ, ദൈവമെന്നോ രേഖപ്പെടുത്തിയിട്ടില്ല. ദൈവാവതാരങ്ങളായും ദൈവത്തിന്റെ പ്രതിനിധികളായും അടിസ്ഥാനരഹിതങ്ങളായ സ്ഥാനാരോപണങ്ങൾ നടത്തിയിട്ടുള്ളവർ ഉണ്ടായിരിക്കാം. പക്ഷേ നസ്രായന്റെ അസ്തിത്വംതന്നെ ദൈവികമായിരുന്നു. അതേ, യേശുവിന് താൻ ദൈവപുത്രനായിരുന്നുവെന്ന് ആത്മാവബോധമുണ്ടായിരുന്നു. ആകയാൽ തന്റെ ദൗത്യം തന്നെ അയയ്ക്കപ്പെട്ടവന്റേതാണെന്നുള്ള അവബോധത്തിൽ ജീവിച്ചു. തന്റെ ഈ ദൈവപിതൃപുത്രബന്ധം തെരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനതയ്ക്കുണ്ടായിരുന്നതുപോലെയോ, അവരുടെ ഇടയിലെ നീതിമാൻമാർ ദൈവപുത്രസ്ഥാനം അവകാശപ്പെട്ടിരുന്നതുപോലെയോ, ദാവീദു രാജാവ് ദൈവപുത്രബന്ധം തന്നിൽ സ്ഥിരീകരിച്ചിരുന്നതുപോലെയോ അല്ല. മററുള്ളവർക്കുള്ള ദൈവപുത്രസ്ഥാനത്തിൽനിന്നും തന്റെ സ്ഥാനം തുലോം വ്യത്യസ്തമാണെന്നു നാം കണ്ടു. 'ദൈവപുത്രൻ,' ക്രിസ്തുവിന് പിതാവിന്റെ തിരുമനസ്സുമായുള്ള പരിപൂർണ്ണമായ ഐക്യത്തിന്റെ നിരന്തരാനുഭവത്തെയാണ് വെളിപ്പെടുത്തുക. പിതാവ് ക്രിസ്തുവിന് നൽകിയിരുന്ന നിസ്തുലമായ അംഗീകാരമെന്നനിലയിലാണ് പൂർണ്ണമായ വെളിപാട് ക്രിസ്തുവിൽ അനുഭവവേദ്യമായിരുന്നത്.[3]

---

3. Oscar Cullmann, Christology of the New Testament. p. 282.

malankaralibrary.com

ക്രിസ്തു, തൻെറ സ്വന്തം ആത്മാവബോധത്തിൽ നിന്നും സ്വാംശീകരിച്ചെടുത്ത ദൈവാക്യൈത്തെ പരാമർശിക്കുന്ന ധാരാളം ഭാഗങ്ങരം സുവിശേഷങ്ങളിൽ സുലഭ്യമാണ്.

'ഞാനും പിതാവും ഒന്നായിരിക്കുന്നു' (യോഹ. 10:30). 'ഞാൻ ആരാണെന്നും എവിടെനിന്നു വന്നുവെന്നും നിങ്ങരംക്കറിയാം. എന്നാൽ ഞാൻ സ്വമേധയാ വന്നവനല്ല. എന്നെ അയച്ചവൻ സത്യവാനാണ്. അവിടുത്തെ നിങ്ങരംക്കറിഞ്ഞുകൂടാ. എനിക്കു് അവിടുത്തെ അറിയാം. എന്തെന്നാൽ ഞാൻ അവനിൽ നിന്നും വരുന്നു. അവനാണ് എന്നെ അയച്ചതു്'' (7: 23–30).

'ഞാൻ തന്നെ എനിക്കു സാക്ഷ്യം നൽകിയാലും എൻെറ സാക്ഷ്യം സത്യമാണ്. കാരണം ഞാൻ എവിടെനിന്നു വന്നുവെന്നും എവിടേയ്ക്കു പോകുന്നുവെന്നും എനിക്കറിയാം. എന്നാൽ ഞാൻ എവിടെനിന്ന് വരുന്നുവെന്നോ, എവിടേയ്ക്കു പോകുന്നുവെന്നോ നിങ്ങരം അറിയുന്നില്ല. നിങ്ങരം മനുഷ്യരുടെ രീതിയിൽ വിധിക്കുന്നു. ഞാൻ ആരെയും വിധിക്കുന്നില്ല. ഞാൻ വിധിക്കുന്നെങ്കിൽതന്നെ എൻെറ വിധി സത്യമാണ്. കാരണം ഞാൻ തനിച്ചല്ല, എന്നെ അയച്ചവനും എന്നോടുകൂടിയുണ്ട്. എന്നെക്കുറിച്ച് ഞാൻതന്നെ സാക്ഷ്യം നൽകുന്നു. എന്നെ അയച്ച എൻെറ പിതാവും എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു' (8:14–16, 18).

'എന്നെ കാണുന്നവൻ എൻെറ പിതാവിനെ കാണുന്നു' (12:45; 14:9,18).

malankaralibrary.com

'വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കലേയ്ക്കു് വരുന്നില്ല' (14:6).

'പിതാവേ! സമയമായിരിക്കുന്നു.പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിനു് പുത്രനെ നീ മഹത്വപ്പെടുത്തേണമേ. എന്തെന്നാൽ നീ അവനു് നൽകിയിട്ടുള്ള വയ്ക്കെല്ലാം അവൻ നിത്യജീവൻ നൽകേണ്ടതിനു് എല്ലാ മനുഷ്യരുടെമേലും അവനു് നീ അധികാരം നൽകിയിരിക്കുന്നല്ലോ. ഏക സത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനേയും അറിയുക എന്നതാണു് നിത്യജീവൻ. ഞാൻ ചെയ്യുന്നതിനായി നീ എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ടു് ഭൂമിയിൽ നിന്നെ ഞാൻ മഹത്വപ്പെടുത്തി. ആകയാൽ പിതാവെ, ലോകസൃഷ്ടിക്കു മുൻപു് എനിക്കു് നിന്നോടുകൂടി ഉണ്ടായിരുന്ന മഹത്വത്താൽ ഇപ്പോഴം നിന്റെ സന്നിധിയിൽ എന്നെ നീ മഹത്വപ്പെടുത്തേണമേ' (17:1–5).

'ഞാനാകുന്നു ജീവന്റെ അപ്പം എന്റെ അടുക്കൽ വരുന്നവനു് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവനു് ദാഹിക്കുകയില്ല' (6:35).

'പുനരുത്ഥാനവും ജീവനും ഞാനാകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും' (11:25).

ക്രിസ്തു ദൈവപുത്രനാണു്; ദൈവംതന്നെയാകുന്നു. അവിടുന്നു് തന്റെ അന്ത്യവിധി സമയത്തുപോലും തന്റെ ദൈവത്വം സ്വീകരിക്കുന്നുണ്ടു്. 'നീ ക്രിസ്തുവാണെങ്കിൽ ഞങ്ങളോടു പറയുക. അവൻ അ

malankaralibrary.com

വരോട പറഞ്ഞു' ഞാൻ പറഞ്ഞാൽ നിങ്ങഠം വിശ്വസിക്കയില്ല. ഞാൻ ചോദിച്ചാൽ നിങ്ങഠം ഉത്തരം പറയുകയില്ല. ഇപ്പോഠം മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുവശത്തു് ഇരിക്കും.' അവരെല്ലാവരുംകൂടി ചോദിച്ചു അങ്ങനെയെങ്കിൽ നീ ദൈവപുത്രനാകുന്നുവോ? 'നിങ്ങഠം പറയുന്നുവല്ലോ ഞാൻ ആകുന്നുവെന്നു്'' (ലൂക്കാ. 22:66–70).

## യേശു: മനുഷ്യൻ

ദൈവമായ യേശു മനുഷ്യനുമാണു്. ആശയലോകത്തിൽമാത്രം സ്ഥിതി ചെയ്യുന്നൊരു പ്രതിഭാസത്തെയല്ല ക്രൈസ്തവർ അനുഗമിക്കുക. ക്രൈസ്തവരുടെ ക്രിസ്തു ചരിത്രപുരുഷനായ മനുഷ്യവ്യക്തിയാണു്, നസ്രത്തിലെ യേശു. റോമിലെ സ്വേറേറാണിയസ്സിൻേറയും ററാസിററസിൻേറയും ഫ്ളാവിയൂസ് ജോസീഫസിൻേറയും ചരിത്രാത്മകഗ്രന്ഥങ്ങളിൽനിന്നും വ്യക്തമായ ചില വസ്തുതകഠം നമുക്കു് ലഭ്യമായിട്ടുണ്ടു്, അവിടുത്തെ ചരിത്രാത്മകത തെളിയിക്കുവാൻ. അപ്പോക്രഫയിലും പററ്ട്രീസ്റ്റിക് അപ്പോക്രഫയിലും, പ്രഥമതാ: ക്രൈസ്തവ വിശ്വാസസംഹിതയായ ബൈബിളിലും അവിടുത്തെ മനുഷ്യത്വത്തിൻെറ അനന്യതയും നിസ്തുലമായ വ്യക്തിത്വപ്രഭാവവും ഉല്ലംഘിച്ചു കിടക്കുന്നു.

യഹൂദ പാരമ്പര്യ പശ്ചാത്തലത്തിൽ, കന്യകാമേരിയിൽ ബെത്ലേഹമിൽ ജനിച്ചു് യഹൂദൻെറ വേഷഭൂഷാദികഠം അണിഞ്ഞിരുന്നു. പ്രാർത്ഥിക്കയും പ്രയത്നിക്കുകയും സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളിലും, ജ്ഞാനത്തിലും അറിവിലുമൊക്കെ വളർന്നുവന്നു. അ

malankaralibrary.com

ന്നത്തെ യഹൂദപ്രമാണികളൊന്നും യേശുവിനെ ഒരു ഗുരുവായി (റബ്ബി) അംഗീകരിച്ചിരുന്നില്ലെങ്കിലും തൻേറതായ ലോകത്തിൽ, തന്നിലേക്ക് ശിഷ്യന്മാരേയും അനുയായികളേയും ക്ഷണിച്ചു. അവരെ പഠിപ്പിച്ചു. പഠനപ്രക്രിയ, സാധാരണ ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി യേശു രൂപീകരിച്ചു. പാഠ്യ പദ്ധതിയിൽ അവിടുത്തെ നമ്മചിന്താധാരയും പ്രകൃതിരമണീയതയിലുള്ള അഭൗമികാകർഷകത്വവും സുവിദിതമായി പ്രകാശിപ്പിച്ചിരുന്നു. അങ്ങനെ പ്രകൃതിയിൽതന്നെ തൻെറ പ്രബോധനങ്ങൾക്ക് വിശദീകരണം കണ്ടെത്തി. ഉപമകൾ ഇതിനുദാഹരണങ്ങളാണ്.

മനുഷ്യചേതനയുടെ നൊമ്പരങ്ങൾക്കും, ജീവിതാവിഷ്ക്കരണങ്ങൾക്കും അദ്ദേഹത്തിൻെറ ജീവിതത്തിൽ പരമപ്രധാനമായൊരു സ്ഥാനമുണ്ട്. കാരണം, അദ്ദേഹത്തിന് ദുഃഖിക്കുന്നവരോടുകൂടി ദുഃഖിക്കുവാനും, കരയുന്നവരോടുകൂടെ കരയുവാനും, സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുവാനും സാധിച്ചുവെന്നുള്ളതുതന്നെ. വത്തിക്കാൻ പ്രമാണരേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, ചുരുക്കത്തിൽ, 'അവിടുന്നു മാനുഷികകരങ്ങൾകൊണ്ടു് പണിയെടുക്കുകയും മാനുഷികബുദ്ധികൊണ്ടു ചിന്തിക്കുകയും മാനുഷികമനസ്സുകൊണ്ടു പ്രവർത്തിക്കുകയും മാനുഷിക ഹൃദയംകൊണ്ടു സ്നേഹിക്കയും ചെയ്തു. ''കന്യകാമറിയത്തിൽനിന്നു ജനിച്ച അവിടുന്ന് യഥാർത്ഥത്തിൽ നമ്മിലൊരുവനെപ്പോലെ ആയിത്തീർന്നു; പാപമൊഴികെ എല്ലാററിലും നമ്മെപ്പോലെയായി.''[4]

---

4. ''സഭ ആധുനിക ലോകത്തിൽ,'' പേജ് 448,

malankaralibrary.com

## യേശുവിൻെറ മരണം

യേശു മനുഷ്യനായിരുന്നതിനാൽ മനുഷ്യവിധി—മരണം—അനിവാര്യമായി തന്നിൽ സംഭവിക്കേണ്ടിയിരുന്നു. യേശു അനുഭവിച്ച മരണം ഭീകരവുമായിരുന്നു: കുരിശുമരണം. അവിടുന്ന് ക്രൂശിക്കപ്പെട്ടുവെന്നുള്ളത് അനിഷേധ്യമായ വസ്തുതയായി സുവിശേഷങ്ങൾ കൂടാതെ, പല ചരിത്രകാരന്മാരും സമകാലികരും ചൂണ്ടിക്കാട്ടുന്നുണ്ട്. താൻ പ്രവാചകനാണെന്നും, മ്ശിഹാ ആണെന്നും, ദൈവപുത്രനാണെന്നും ഉള്ള അവകാശവാദത്താലാണ് ജറുസലേം നേതാക്കന്മാരും പ്രമാണികളും യേശുവിനെ ഉന്മൂലനം ചെയ്യുവാൻ തീരുമാനമെടുത്തത്. തന്നെയുമല്ല, അവരുടെ ചെയ്തികളുടേയും പ്രവർത്തികളുടേയും വക്രതയെ യേശു നിശിതമായി വിമർശിക്കയാൽ തങ്ങളുടെ നിസ്സാരത അവർ മനസ്സിലാക്കിയതോടെ അവരുടെ നേതൃത്വം ജനങ്ങൾ നിരാകരിക്കാനിടയുണ്ടെന്നുമുള്ള ഭീതി, യേശുവിനെ കള്ളപ്രവാചകനായും, മനുഷ്യരെ വഴിതെററിക്കുന്ന അന്തിക്രിസ്തുവായും ന്യായാസനത്തിൻ മുൻപിൽ അവർ ചിത്രീകരിച്ചു. 'അവനെ ക്രൂശിക്കുക', 'അവനെ ക്രൂശിക്കുക' ആർത്തിരമ്പുന്ന ജനസ്വരം നീതിന്യായത്തെ സ്തംഭിപ്പിച്ചു. ഫലമോ, യേശുവെന്ന മനുഷ്യനെ കൊലചെയ്ത്, ക്രൂശിൽതൂക്കി വധിക്കുവാൻ, വിധിച്ചു. മനുഷ്യനായി ജനിച്ച യേശു മനുഷ്യൻെറ മർത്യതയിൽ പങ്കുചേർന്നു.

## ക്രിസ്തുരഹസ്യം

എന്നാൽ ഈ മനുഷ്യത്വം ദൈവത്തെ മാററി നിറുത്തുകയോ, ദൈവത്വം മനുഷ്യത്വത്തെ മാററി നിറുത്തുകയോ ചെയ്യുന്നില്ല. ക്രിസ്തു ദൈവമായിരിക്കേ

malankaralibrary.com

ണ്ടിയിരുന്നു, മനുഷ്യന്നു രക്ഷ നൽകാൻ. ദൈവത്തിന്നു മാത്രമേ രക്ഷ നൽകാനാവൂ. താൻ മനുഷ്യനാകേണ്ടിയിരുന്നു മനുഷ്യനെ മനുഷ്യനാക്കിതീർക്കുവാൻ. ഈ ദൈവമനുഷ്യബന്ധം – 'ദ്വിസ്വഭാവം' — ആണ് ക്രിസ്തുരഹസ്യം. കാൽസിഡോൺ കൗൺസിലിന്റെ ക്രിസ്തു ഭാഷ്യശൈലിയിൽ, വ്യക്തമായിപ്പറഞ്ഞാൽ, യേശു ഏക വ്യക്തിയായിരിക്കയാൽ, അവിടുന്ന് മനുഷ്യപ്രകൃതിയിൽതന്നെ ദൈവമാണ്. കാരണം പുത്രബന്ധം വ്യക്തിഗതമാണ്. അത് വ്യക്തിയിൽനിന്നും ഉടലെടുക്കുന്നു; മറിച്ച് പ്രകൃതിയിൽനിന്നുമല്ല. ക്രിസ്തുവിൽ സ്വാഭാവിക പുത്രസ്ഥാനവും, ദത്തുപുത്രസ്ഥാനവും എന്നിങ്ങനെയുള്ള ദ്വപുത്രബന്ധം കാണുന്നില്ല. എന്നാൽ ദ്വിപ്രകൃതി [TWO NATURES] യിൽ അവിടുത്തെ സ്വതസിദ്ധമായ ദൈവപുത്രബന്ധം, അവിടുന്നു അനുഭവിക്കുന്നു. അങ്ങനെ രണ്ടു സ്വഭാവങ്ങളിൽ (പ്രകൃതി) ഓരോന്നും അതിൽതന്നെ പൂർണ്ണമായിരിക്കുമ്പോരം, അതാതിന്റെ സവിശേഷമായ പദാർത്ഥഗുണങ്ങളേയും പ്രവർത്തനങ്ങളേയും നശിപ്പിക്കാതെ ഐക്യത്തിൽ നിലനിൽത്തുന്നു....[5]

## ഉത്ഥാനം

ദൈവമനുഷ്യരഹസ്യത്തിന്റെ സമഞ്ജസസമ്മേളനമായിരുന്നു യേശുവിന്റെ ഉത്ഥാനം. അവിടുത്തെ മരണത്തോടുകൂടി തന്റെ ദൗത്യനിർവ്വഹണത്തിന്റെ തിരശ്ശീല വീഴുകയായിരുന്നില്ല; പ്രത്യുത തുടരുകയായിരുന്നു. ഈ തുടർച്ച കുറിച്ച ഉത്ഥാനം യേശുവാകുന്ന ദൈവമനുഷ്യന്റെ ജീവിത സാക്ഷാത്ക്കാരമാ

5. J. Neuner S. J. and Co. (eds), The Christian faith. 638-639. p. 168-169.

malankaralibrary.com

ണ്. യേശുവിൻെറ ഉത്ഥാനത്തിലൂടെ പിതാവ് തന്നെ സ്വീകരിക്കുകയും നാഥനും രാജാവുമായി മഹത്വീകരിക്കുയും ചെയ്തു.

ഉത്ഥാനം വെറുമൊരു തിരക്കഥയല്ല. അപ്പസ്തോലന്മാരുടെ വിശ്വാസം ലോകത്തിൽനിന്നു മാത്രം ഉടലെടുത്ത ഒന്നല്ല. അവിടുത്തെ ദൗത്യം തുടരുവാൻ സഭ കൊരുത്തെടുത്തൊരു പ്രതിഭാസവുമല്ല. നസ്രത്തിലെ ചരിത്രപുരുഷനായ യേശു, തൻെറ ദൈവത്വസമാഗമമാർജ്ജിച്ച യാഥാർത്ഥ്യമാണിതു്. ഇതാണ് ക്രിസ്തുവിൻെറ നിസ്തുലത; ക്രൈസ്തവമതത്തിൻെറ അനന്യത.

ഇന്നലെകളിലെ മതസ്ഥാപകരും ചരിത്രവീരപരാക്രമികളും ചിന്തകരും ഇന്നലെയുടെ മണ്ണിൽ മണ്ണോടുമണ്ണായി. യേശുവും മരിച്ചു. പക്ഷേ ശവക്കല്ലറയിൽ ആ ജീവിതം അവസാനിച്ചില്ല. അവിടുന്ന് പ്രവചിച്ചിരുന്നതുപോലെതന്നെ മൂന്നാം ദിനം ഉത്ഥാനം ചെയ്തു. ചരിത്രത്തിൻെറ വികലതയെ സുന്ദരമാക്കിയൊരു പ്രതിഭാസം! യുഗങ്ങൾക്ക് പ്രത്യാശ ചൊരിഞ്ഞൊരു ദിവ്യരവി!

## ഉത്ഥാനം: യാഥാർത്ഥ്യമോ മിഥ്യയോ

ക്രിസ്തുവിൻെറ ഉത്ഥാനം ചരിത്രവും ചരിത്രാതീതവുമാണ്. അതു് ഒരേ സമയം രഹസ്യവും അത്ഭുതവുമാണ്. തൻെറ മരണവും ശിഷ്യരുടെ ഉത്ഥിതനായ ക്രിസ്തുവിൽ ഉണ്ടായ അനുഭവവും ചരിത്രസത്യമായിരിക്കുമ്പോൾ ഉത്ഥാനമെന്ന പ്രക്രിയ ചരിത്രാതീതമായി, മനുഷ്യബൗദ്ധികതയ്ക്കു് അതീതമായി നിലകൊള്ളുന്നു. ചരിത്രാതീതമായ ഈ യാഥാർത്ഥ്യം യാഥാർത്ഥ്യത്തേക്കാൾ യാഥാർത്ഥ്യമാണ്.

malankaralibrary.com

മനുഷ്യരുടേയും ശിഷ്യഗണത്തിൻെറപോലും കാഴ്ചപ്പാടിൽ, സ്വന്തം ആദർശങ്ങളും സ്വപ്നങ്ങളും സാക്ഷാത്ക്കരിക്കപ്പെടാതെ അതിദാരുണമായ മരണവിധിക്കിരയായ വ്യക്തിയാണ് ക്രിസ്തു. യേശുവിനെ രക്ഷിക്കുവാനായോ അവിടുത്തെ ദിവ്യത്വം തെളിയിക്കുവാനായോ ദൈവം ഇടപെടുവാൻ അനാഗതനാകുകയാൽ യേശുവിൻെറ പ്രവാചകധർമ്മവും ദൈവപുത്രസ്ഥാനവുമൊക്കെ ചോദ്യംചെയ്യപ്പെടുകയും നിഷേധിക്കപ്പെടുകയും ചെയ്തു. തന്മൂലം ശിഷ്യസംഘമാകെ നിർവീര്യരായി തത്സമയം അവിടുത്തെവിട്ടോടിപ്പോയി. ശിഷ്യരിൽ പ്രധാനിയായ പത്രോസ് ഈശോയെ പിൻതുടരാൻ പരിശ്രമിച്ചുവെങ്കിലും അവസാനം പരാജയമടയുകയാണ്. ചില സ്ത്രീകളും ശിഷ്യന്മാരും ക്രിസ്തുവിൻെറ മരണത്തിനും അന്തിമോപചാരക്രിയയ്ക്കും മററും സാക്ഷ്യം നൽകിയെങ്കിലും, അതിനുശേഷം അവർ കേവലം ഭയചകിതരായി അടയ്ക്കപ്പെട്ട മുറികളിൽ കഴിഞ്ഞുകൂടുകയായിരുന്നു (യോഹ. 20:19). എന്നാൽ, നീതിമാന്മാരോടൊപ്പം തങ്ങളുടെ ഗുരുവും ലോകാവസാനനാളിൽ മൃതരിൽനിന്നും ഉത്ഥാനംചെയ്യുമെന്ന് ശിഷ്യന്മാർ യഹൂദപാരമ്പര്യമനുസരിച്ചു വിശ്വസിച്ചിട്ടുണ്ടായിരിക്കണം!!

അനുഭവവും പ്രതീക്ഷയും മറിച്ചായിരുന്നു. ആഴ്ചയുടെ ആദ്യദിവസമായിരുന്ന അന്നു വൈകുന്നേരം ശിഷ്യന്മാർ യഹൂദരോടുള്ള ഭയം നിമിത്തം ഒരു മുറിയിൽ പ്രവേശിച്ച് വാതിൽ അടച്ച് ഇരിക്കുകയായിരുന്നു. തത്സമയം ഈശോ അവരുടെ മദ്ധ്യേ വന്നുനിന്ന്, 'നിങ്ങൾക്കു സമാധാനം!' എന്ന് അരുൾചെയ്തു. ഇതു് അരുൾചെയ്തതിനുശേഷം അവിടുന്ന് തൻെറ കരങ്ങളും

malankaralibrary.com

വിലാവും അവരെ കാണിച്ചു. കർത്താവിനെക്കണ്ടു് ശിഷ്യന്മാർ ആനന്ദഭരിതരായി. വീണ്ടും ഈശോ അരുളിച്ചെയ്തു: 'നിങ്ങൾക്കു സമാധാനം! പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു.' അതിനുശേഷം അവരുടെ മേൽ ഊതിക്കൊണ്ടു് അരുൾ ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ, അവ മോചിക്കപ്പെട്ടും; ആരുടെ പാപങ്ങൾ നിങ്ങൾ ബന്ധിക്കുന്നുവോ, അവ ബന്ധിക്കപ്പെട്ടും.'

പന്ത്രണ്ടു ശിഷ്യന്മാരിലൊരുവൻ് ദിദിമൂസ എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്നവനുമായ തോമ്മാ ഈശോയുടെ ആഗമനവേളയിൽ അവരുടെ കൂട്ടത്തിൽ ഇല്ലായിരുന്നു. 'ഞങ്ങൾ കർത്താവിനെക്കണ്ടു' എന്നു മററു ശിഷ്യന്മാർ പറഞ്ഞപ്പോൾ അദ്ദേഹം അവരോടു പറഞ്ഞു: 'അവിടുത്തെ കൈകളിലെ ആണിപ്പഴുതുകൾ കാണുകയും, ആ പഴുതുകളിൽ എൻെറ വിരൽ കടത്തുകയും അവിടുത്തെ വിലാവിലെ മുറിവിൽ കൈ ഇടുകയും ചെയ്യല്ലാതെ ഞാൻ വിശ്വസിക്കയില്ല.' എട്ടു ദിവസങ്ങൾക്കു ശേഷം ശിഷ്യന്മാർ വീണ്ടും അകത്തു കടന്നു വാതിലുകൾ ബന്ധിച്ചു് ഇരിക്കയായിരുന്നു. തോമ്മായും അവരോടുകൂടെ ഉണ്ടായിരുന്നു. തത്സമയം ഈശോ അവരുടെ മദ്ധ്യേ വന്നു നിന്നു് അരുൾചെയ്തു. 'നിങ്ങൾക്കു സമാധാനം'. അനന്തരം അവിടുന്നു തോമ്മായോടരുൾചെയ്തു. 'നിൻെറ വിരൽ ഇങ്ങു കൊണ്ടുവരിക. എൻെറ കരങ്ങൾ കാണുക. നിൻെറ കൈ കൊണ്ടുവന്നു് എൻെറ വിലാവിൽ ഇട്ടുകൊള്ളുക. നീ അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.' 'എൻെറ കർത്താവേ, എൻെറ ദൈവമേ!' തോ

malankaralibrary.com

മ്മാ ഉദ്ഘോഷിച്ചു. ഈശോ അരുൾചെയ്തു: 'തോമ്മാ, എന്നെ കണ്ടതുകൊണ്ടു് നീ വിശ്വസിച്ചു, കാണാതെ വിശ്വസിക്കുന്നവർ അനുഗ്രഹീതരാകുന്നു' (യോഹ. 20:19–29).

അടുത്ത നിമിഷത്തിൽ, ഭയചകിതരായിക്കഴിഞ്ഞുകൂടിയിരുന്ന അതേ ശിഷ്യഗണംതന്നെ പൂർവ്വാധികം ആവേശവും ഉണർവ്വും പകർന്നുകൊണ്ടു് തങ്ങളുടെ ഗുരു ഇന്നും തങ്ങളോടൊപ്പം ജീവിച്ചിരിക്കുന്നുവെന്ന അനുഭവസാകല്യതയോടുകൂടി സമൂഹവേദിയിൽ കടന്നുവന്നു. ഏതു വെല്ലുവിളിയും വേദനയും ത്യാഗവും സഹിക്കുവാൻ തയ്യാറുള്ളവരായി—പുതിയ മനുഷ്യരായി—രൂപാന്തരിച്ചു. 'പിന്നീടു് അവർ അപ്പസ്തോലന്മാരെ വരുത്തി അവരെ പ്രഹരിച്ചശേഷം, ഇനി ഈശോയുടെ നാമത്തിൽ പ്രസംഗിക്കരുതെന്നു നിഷ്കർഷിച്ചു വിട്ടയച്ചു. ഈശോയുടെ തിരുനാമത്തെ പ്രതി അപമാനം സഹിക്കാൻ അർഹരായി ഗണിക്കപ്പെട്ടതിൽ ആനന്ദിച്ച് അവർ ന്യായാധിപസംഘത്തിൽനിന്നും പോയി. യഹൂദന്യായാധിപസംഘം യേശുവിനെക്കുറിച്ച് പ്രസംഗിക്കരുതെന്ന് ഭീഷണിപ്പെടുത്തിയെങ്കിലും അവർ സധൈര്യം പ്രഖ്യാപിച്ചു: മനുഷ്യരെക്കാൾ അധികമായി ദൈവത്തെയത്രേ ഞങ്ങൾ അനുസരിക്കേണ്ടതു്'' (നട. 5:29).

ശിഷ്യഗണത്തിനുണ്ടായ ക്രിസ്തൂനുഭവം ഒരു മാനസിക വിഭ്രാന്തിയോ വികാരാവേശത്തിലുണ്ടായ ഔത്സുക്യബോധമോ അല്ല, ജീവിതത്തിൽ തങ്ങൾ തനതായനുഭവിച്ചതത്രേ. അനുദിനജീവിതം നയിക്കുവാൻ ബദ്ധപ്പെട്ടിരുന്ന മത്സ്യത്തൊഴിലാളികളായിരുന്ന യേ

malankaralibrary.com

ശ്രുവിൻെറ ശിഷ്യന്മാർ. ദൈവനിവേശിതത്താൽ പ്രേരിതരല്ലെങ്കിൽ ഈ ദിവ്യമായ ദൗത്യനിർവ്വഹണത്തിനു് തങ്ങളുടെ യഹൂദപാരമ്പര്യം അവരെ പ്രേരിപ്പിക്കുമായിരുന്നില്ല. കൂടാതെ ഉത്ഥിതനായ ക്രിസ്തു തൻെറ ശിഷ്യഗണത്തിനു് നിരവധി ദർശനങ്ങൾ നൽകുകയുണ്ടായി. തങ്ങളോടൊപ്പം യൂദയായിലും ജെറുസലേമിലും ഒക്കെ ജീവിച്ചിരുന്ന അതേ വ്യക്തിയാണെന്നവരെ ബോദ്ധ്യപ്പെടുത്തുകയും ദിവ്യാത്മാവിനാൽ അവരെ നിരന്തരം കർമ്മോദ്യുക്തരാക്കുകയും ചെയ്തിരുന്നു.

## വി. പൗലോസിനുണ്ടായ ദർശനം

ക്രൈസ്തവമതത്തിൻെറ ഏററവും വലിയ വിദ്വേഷിയായി ക്രൈസ്തവരെ ആകമാനം പീഡിപ്പിച്ചിരുന്ന മനുഷ്യനായ സാവൂൾ, ക്രിസ്തുവിൻെറ വാത്സല്യശിഷ്യനും സന്ദേശവാഹകനുമായിത്തീർന്ന, പൗലോസ് ആയിത്തീർന്ന ഒരു അനർഘസംഭവമായിരുന്നു, തൻെറ ഡമാസ്ക്കസ് യാത്ര. ആ സംഭവം പൗലോസിനെ പുതിയൊരു മനുഷ്യനായി വാർത്തെടുത്തു. പൗലോസിൻെറ ഈ സാന്ദ്രമായ ക്രിസ്താനുഭവം താൻ എഴുതിയിട്ടുള്ള എല്ലാ ലേഖനങ്ങളിലും വർണ്ണം പകർന്നുകിടപ്പുണ്ട്.

പൗലോസിൻെറ മുൻവിധികളും സ്വാത്മാഭിമാനവും സ്വപ്നങ്ങളും ആശാഭിലാഷങ്ങളുമെല്ലാം ഉത്ഥിതനായ ക്രിസ്തുവിൻെറ പ്രഭാപൂരപ്രസരത്തിൽ കത്തിച്ചാമ്പലായിത്തീർന്നപ്പോൾ തന്നിൽ ജീവിക്കുക താനല്ല ക്രിസ്തുവാണെന്ന അത്യുദാത്താനുഭവം ഉണ്ടായി. 'ഇനി ഞാനല്ല, മിശിഹായത്രേ എന്നിൽ ജീവിക്കു

malankaralibrary.com

ന്നതു്. ഇപ്പോഠം ശാരീരികമായി ഞാൻ ജീവിക്കുന്നതു്, എന്നെ സ്നേഹിച്ചു് എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിച്ച ദൈവപുത്രനിലുള്ള വിശ്വാസത്താലാണു്.' (ഗലാ. 2:20). ആ വിശ്വാസത്തിൻെറ പ്രഘോഷണമാണു് തുടർന്നുള്ള തൻെറ ജീവിതത്തിൽ. അതു് തൻെറ തന്നെ ചുമതലയും ദൗത്യവുമാണെന്നു് പൗലോസ് അപ്പോസ്തലൻ വിശ്വസിച്ചു. 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ തന്നെയും എനിക്കതിൽ അഭിമാനിക്കാനൊന്നുമില്ല. അതു് എൻെറ ചുമതലയാണു്. ഞാൻ സുവിശേഷംപ്രസംഗിക്കാത്ത പക്ഷം എനിക്കു ദുരിതം' (1 കൊറി. 9:16—17).

പൗലോസിൻെറ സുവിശേഷപ്രഘോഷണത്തിനു നിദാനം ഉത്ഥിതനായ ക്രിസ്തുവാണു്. ഈ ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസവും അനുഭവവുമാണു് പൗലോസിനെ നിരന്തരം നയിച്ചതു്. 'സഹോദരരേ, ഞാൻ പ്രസംഗിച്ച സുവിശേഷത്തിൻെറ കാര്യം നിങ്ങളെ അനുസ്മരിപ്പിക്കുന്നു. അതു് നിങ്ങഠം സ്വീകരിച്ചിട്ടുള്ളതാണല്ലോ. അതിലാണല്ലോ നിങ്ങഠം ആശ്രയിക്കുന്നതും. ഞാൻ ഉപദേശിച്ചതുപോലെ അതിൽ സ്ഥിരമായി നിന്നാൽ, നിങ്ങഠം അതുവഴി രക്ഷപെടും. അല്ലാത്തപക്ഷം നിങ്ങളുടെ വിശ്വാസം വൃഥാ ആകും. ഞാൻ മനസ്സിലാക്കിയിട്ടുള്ളവയെല്ലാം നിങ്ങഠംക്കു ഞാൻ പറഞ്ഞുതന്നിട്ടുണ്ടു്; അതായതു് എഴുതപ്പെട്ടിരിക്കുന്നതുപോലെ, മ്ശിഹാ നമുക്കുവേണ്ടി മരിച്ചു, അവിടുന്നു സംസ്കരിക്കപ്പെട്ടു. വിശുദ്ധ ഗ്രന്ഥം പ്രസ്താവിക്കുംവിധം മൂന്നാം ദിവസം ഉയിർത്തെഴുന്നേററു. കേപ്പായ്ക്കും അതിനുശേഷം മററു് പതിനൊന്നു ശ്ലീഹന്മാർക്കും പ്രത്യക്ഷപ്പെട്ടു. പിന്നീടു് അഞ്ഞൂറില

malankaralibrary.com

ധികം സഹോദരന്മാക്ക് ഒരുമിച്ച് അവിടുന്ന് പ്രത്യക്ഷനായി, അവരിൽ ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്; ചിലർ അന്തരിച്ചുപോയി. അനന്തരം അവിടുന്ന യാക്കോബിനും പിന്നീട് എല്ലാ ശ്ലീഹന്മാക്കും പ്രത്യക്ഷപ്പെട്ടു. ഏററം ഒടുവിൽ അകാലജാതനെപ്പോലുള്ള എനിക്കും അവിടുന്ന പ്രത്യക്ഷനായി. ഞാൻ അപ്പോസ്തലന്മാരിൽ ചെറിയവനാണല്ലോ. ദൈവത്തിൻെറ സഭയെ ഞെരുക്കിയ ഞാൻ അപ്പോസ്തലനെന്ന പേരിനു പോലും അർഹനല്ല....' (1 കൊറി, 15:1–10).

തനിക്ക് അനുഭവവേദ്യമായ ക്രിസ്തു നസ്രത്തിലെ യേശുതന്നെയാണെന്നും, മററു ശ്ലീഹന്മാരുടെ വിശ്വാസാനുഭവത്തോളം സാന്ദ്രമാണ് തൻെറ വിശ്വാസമെന്നും പൗലോസ് അവകാശപ്പെടുന്നുണ്ട്. വി. ഗാർഡ്നർ പൗലോസിൻെറ സാക്ഷ്യത്തെപ്പററി എഴുതുന്നതിപ്രകാരമാണ്. പൗലോസ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളവയെല്ലാം, ക്രിസ്തുവിൻെറ ഉയിർപ്പിനെക്കുറിച്ചുള്ള അപ്പോസ്തലന്മാരുടെ വിശ്വാസത്തോളംതന്നെ ചരിത്രപരവും സുപ്രസിദ്ധവുമാണ്. ഉത്ഥിതനായ ക്രിസ്തുവിനെ താൻ കണ്ടതായി, അനുഭവിച്ചതായി പൗലോസ് ഉത്തമബോധ്യത്തോടെ അവകാശപ്പെടുന്നുണ്ട്.

## ഉത്ഥാനത്തിൻെറ പ്രസക്തി

ശിഷ്യഗണം മുഴുവൻ ഉത്ഥിതനായ യേശുവിൽ രൂപീകൃതരായിരുന്നു. തങ്ങൾ പ്രസംഗിച്ചിരുന്ന ദിവ്യസന്ദേശത്താൽ അവർ മുഴുവൻ സ്വാംശീകൃതരായിരുന്നു. അതുകൊണ്ടാണ് വി. പൗലോസ് അപ്പോസ്തലൻ പറയുക, 'ക്രിസ്തു ഉയിർത്തില്ലായിരുന്നുവെങ്കിൽ

malankaralibrary.com

തങ്ങളുടെ വിശ്വാസവും പ്രസംഗവും വ്യർത്ഥമാകുമായിരുന്നു, ശൂന്യമാകുമായിരുന്നുവെന്നു്. ക്രൈസ്തവജീവിതത്തിന്റെ സത്തയും ജീവനും ചൈതന്യവുമാണു് ഉയിർപ്പു്. ഉത്ഥാനമില്ലാത്ത ക്രൈസ്തവവിശ്വാസം ശ്മശാനമൂകതയാണു്. മോറാംട്ടമാൻ പറയുന്നതുപോലെ, 'ക്രിസ്തുവിന്റെ ഉയിർപ്പിൽ വിശ്വസിക്കാത്ത ക്രൈസ്തവവിശ്വാസം വിശ്വാസമേയല്ല'. ഒരുവൻ ക്രൈസ്തവനാകുന്നതും അല്ലാതാകുന്നതും എല്ലാമെല്ലാം ക്രിസ്തുവിന്റെയും ക്രിസ്തുവിലൂടെ തന്റെയും ഉത്ഥാനം ഏറ്റുപറയുന്നതിലൂടെയാണു്.

ക്രൈസ്തവരല്ലാതെ മറെറാരു മതവിശ്വാസിയും തങ്ങളുടെ 'ദൈവമനുഷ്യൻ'—ക്രിസ്തു— ഉയിർത്തെഴുന്നേററതായി അവകാശപ്പെടുന്നില്ല. മററു മതസ്ഥാപകരെല്ലാവരും തങ്ങളുടെ നല്ല മാതൃകകളും ധാർമ്മികോപദേശങ്ങളും പ്രചോദനങ്ങളും സ്ഥാപനങ്ങളും ലിഖിതങ്ങളും മാത്രമാണു് അനുയായികൾക്കു് നൽകിയിട്ടുള്ളതു്. എന്നാൽ യേശു മാത്രമേ തന്നെത്തന്നെ തന്റെ അനുയായികൾക്കു് ദാനംചെയ്തിട്ടുള്ളു.

## ആരാണീ ക്രൈസ്തവൻ?

ആകയാൽ ഒരുവൻ ക്രൈസ്തവനാകുക, ഒരു വിപ്ലവകാരിയായ, ആദർശപുരുഷനായ സമുദായോദ്ധാരകനായ, ക്രിസ്തുവിനെ പിൻതുടരുന്നതുകൊണ്ടല്ല, ആ വ്യക്തി ഉപദേശിച്ച മതധർമ്മങ്ങൾ അനുകരിക്കുന്നതുംകൊണ്ടല്ല, ഞാൻ വഴിയും സത്യവും ജീവനുമാകുന്നു'വെന്നു് പറഞ്ഞു് തന്നിലേക്കാഹ്വാനംചെയ്ത, മനുഷ്യരൂപം ധരിച്ചു്, മനുഷ്യരക്ഷാർത്ഥം പാടുപീഡകൾ സഹിച്ചു് ഉത്ഥാനംചെയ്ത ദൈവപുത്രനില

ുള്ള സ്ഥായിയും സമഗ്രവുമായ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിലൂടെയാണ്. ഇവിടെ ക്രൈസ്തവീകരണം വ്യക്തിഗതതലത്തിൽ സംഭവിക്കേണ്ടതുണ്ട്. ആ പ്രക്രിയ കേവലം മതാനുഷ്ഠാനങ്ങളിലൂടെയല്ല യാഥാർത്ഥ്യമാകേണ്ടത്. കാരണം ക്രൈസ്തവത്വത്തിന് ക്രൈസ്തവമതമെന്ന് നാമകരണം ചെയ്തരിക്കുന്നുവെങ്കിലും അത് ഒരു മതമല്ല; നിയമങ്ങളുടേയും ധാർമ്മികതയുടേയും ആകെത്തുകയല്ല, പ്രത്യുത ഒരു വ്യക്തി—ജീവിക്കുന്ന വ്യക്തി—ദൈവവും മനുഷ്യനുമായ വ്യക്തി—ആണ്. ആ വ്യക്തിയുടെ മനുഷ്യാവതാരത്തിലും കുരിശുമരണത്തിലും ഉത്ഥാനത്തിലുമുള്ള വിശ്വാസമാണ് ക്രൈസ്തവനെ ക്രൈസ്തവനാക്കുക. അല്ലാതെ കേവലം ബൈബിൾ സംഹിതയിലോ, അമൂർത്തങ്ങളായ ആശയങ്ങളിലോ ഉള്ള വിശ്വാസമല്ല, എന്നും ജീവിക്കുന്ന, ലോകാവസാനംവരെ ശിഷ്യന്മാരോടുകൂടെ ഉണ്ടാകുമെന്ന് വാഗ്ദാനംചെയ്ത വ്യക്തിയിലുള്ള വിശ്വാസമാണ്, ഒരു വ്യക്തിയിൽ ക്രൈസ്തവീകരണം നടത്തുക.

ജീവൻ സുലഭമായി നൽകാൻ ഭൂമിയിലേയ്ക്ക് ആഗതനായ ക്രിസ്തുവിൽ, ക്രൈസ്തവക്കുള്ള വിശ്വാസം ജോൺ സാക്സെ വിവരിക്കുന്ന അന്ധരുടേയും ആനയുടേയും കഥയല്ല. ക്രൈസ്തവവിശ്വാസം അതിലേറെ അനന്യമായ അസ്തിത്വാത്മകസത്ത അടങ്ങിയിരിക്കുന്നു. സ്നേഹാധിഷ്ഠിതമാണ് ഈ ക്രൈസ്തവവിശ്വാസം. അതായത്, ഞാൻ ഒരു വ്യക്തിയെ സ്നേഹിക്കുന്നുവെങ്കിൽ, എന്റെ വ്യക്തിത്വത്തിൽ, എന്റെ അസ്തിത്വത്തിൽ ഞാൻ അപരവ്യക്തിക്ക് സ്ഥാനം നൽകുന്നു. എന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളുമെല്ലാം അപരന്റെ അഭിലാഷങ്ങളും ആഗ്രഹങ്ങളുമാക്കി മാററുന്നു.

malankaralibrary.com

ആ അപരവ്യക്തി എൻെറ ജീവിതത്തിൽ കടന്നുവ ന്ന് എന്നോടൊപ്പം വളരുന്നു; ഞാൻ അപരനോടൊ പ്പം വളരുന്നു. ഇവിടെ രണ്ടു ഭിന്ന വ്യക്തികളല്ല വ ളരുക, 'ഞാൻ—നീ' ബന്ധമാണ് വളരുന്നത്. അങ്ങ നെ എൻെറ വ്യക്തിത്വോന്മുഖത അപരോന്മുഖതയാ യും അപരോന്മുഖത എൻെറ വ്യക്തിത്വോന്മുഖതയാ യും, എൻെറ ജീവിതോന്മുഖത അപരോന്മുഖ ജീവിത മായും അപരോന്മുഖജീവിതം എൻെറ ജീവിതോന്മുഖത യായും മാറുന്നു. ഇതാണ് യഥാർത്ഥ ക്രൈസ്തവസ്നേഹം. ഈ ഞാൻ—നീ—ബന്ധത്തിൻെറ ഏകോപനസമഗ്ര തയുമാണ് ക്രൈസ്തവവിശ്വാസം. ഞാൻ അപരവ്യ ക്തിയെ എൻെറ ജീവിതത്തിൽ അംഗീകരിക്കുന്നു. ആ വ്യക്തിക്കായി എന്നെ ആത്മദാനം ചെയ്യുന്നു. എ ൻെറ ജീവിതം അപരൻെറ ജീവിതവും എൻെറ മര ണം അപരൻെറ മരണവുമാണ്. ആകയാൽ ഞാൻ ക്രി സ്തുവിൽ വിശ്വസിക്കുന്നുവെന്നു പറഞ്ഞാൽ, ഞാൻ ക്രിസ്തുവിനെ എൻെറ അസ്തിത്വത്തിലേയ്ക്കു സ്വീകരിക്കു ന്നു. ക്രിസ്തു എൻെറ അസ്തിത്വം തന്നെ ആയിത്തീ രുന്നു. എൻെറ അസ്തിത്വത്തിലായിത്തീരുന്ന ആ അപ്ര തിമാപ്രഭാവൻെറ അസ്തിത്വത്തിലും ഞാൻ അലിഞ്ഞു ചേരുന്നു. ജീവനിൽ തന്നെ അന്ത:സ്ഥിതനായിരിക്കുന്ന ജീവഹേതുഭൂതനായ ദൈവത്തിനു് എൻെറ വ്യക്തി ത്വാത്മകതയിൽ ഞാൻ സ്ഥാനം നൽകുമ്പോൾ എ ന്നിൽ ഉദാത്തീകരണവും ഏകീകരണഭാവവും പരി പൂർണ്ണത നേടുന്നു.

ആ പരിപൂർണ്ണതയിൽ എന്നിൽ ഞാനല്ല ജീവി ക്കുക ക്രിസ്തുവാണ്. ഇതാണ് ക്രൈസ്തവജീവിതം. ക്രിസ്ത്യൻ —CHRISTIAN— എന്ന വാക്കിനർത്ഥംതന്നെ

malankaralibrary.com

'CHRIST'–'IN'–ക്രിസ്തുവിനെ ഉൾക്കൊള്ളുന്നവൻ എന്നാണ്; അനുകരിക്കുന്നവനെന്നല്ല. ആക്കും ആരുടേയും അനുഗാമിയാകാം. ഇവിടെ 'ക്രൈസ്തവത്വത്തിൽ' അനുകരണമില്ല, ഉൾക്കൊള്ളലാണ് ഉള്ളത്.

ഈ ഉൾക്കൊള്ളലിൽ മാത്രമേ അവൻെറ ജീവിതത്തിൻെറ ആത്യന്തികവും പരമോന്നതവുമായ ലക്ഷ്യം കൈവരുന്നുള്ളൂ. സാഹിത്യകാരന്മാരും കവികളുമൊക്കെ മനം കവരുന്ന ക്യാൻവാസിൽ അന്യാദൃശ്യമായ വിധത്തിൽ, രണ്ടായിരം വർഷങ്ങൾക്കപ്പുറം ജനിച്ച്, മരിച്ച് കടന്നുപോയ ക്രിസ്തുവിൻെറ ശില്പനിർമ്മിതി നടത്തിയിട്ടുണ്ട്. അവിടുത്തെ അപദാനങ്ങൾ ആർത്തിരമ്പുന്ന സാഗര ഗാംഭീര്യതയോടും കിലുകിലാരവത്തോടെ നൃത്തം ചവട്ടിയൊഴുകുന്ന അരുവികളുടെ ഭാവോന്മുഖതയോടുംകൂടെ പാടിപ്പുകഴ്ത്തിയിട്ടുണ്ട്. ഈ സാഹിത്യാവിഷ്ക്കാരാത്മകതയിലല്ല ക്രൈസ്തവർ നിർവൃതികൊള്ളുന്നത്. ലോകരക്ഷിതാവായ ക്രിസ്തുവിൽ, ലോകാസ്തിത്വത്തിന് കാരണഭൂതനായ ക്രിസ്തുവിലത്രേ ജീവിതസാക്ഷാത്ക്കാരവും ആത്മനിർവൃതിയും കണ്ടെത്തുന്നത്. അതിനാൽ അവർ ദൈവപുത്രസ്ഥാനത്തിനവകാശികളും ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അംഗങ്ങളുമാണ്. 'യേശുക്രിസ്തുവിലുള്ള വിശ്വാസംവഴി ക്രൈസ്തവരെല്ലാം ദൈവസുതരാണ്. ക്രിസ്തുവിനോട് ഐക്യപ്പെടുന്നതിനുവേണ്ടി ജ്ഞാനസ്നാനം സ്വീകരിക്കുന്ന ക്രൈസ്തവർ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ ഉള്ള വ്യത്യാസമില്ല. ക്രൈസ്തവർ എല്ലാവരും യേശുക്രിസ്തുവിൽ ഒന്നാകുന്നു' (ഗലാ. 3:26–28).

malankaralibrary.com

ക്രൈസ്തവർ ആരും ഒററപ്പെട്ടൊരു ദ്വീപല്ല. പരസ്പരം കൊണ്ടും കൊടുത്തും ഉള്ളൊരു സമൂഹജീവിതത്തിനായി വിളിക്കപ്പെട്ടിരിക്കുന്നവരാണ്. അവർ പഴയനിയമത്തിലെ കായേന്റെ പ്രതിരൂപമല്ല. അവർ ക്രിസ്തുവിന്റെ പ്രതിരൂപമാണ്. തന്നിമിത്തം ക്രിസ്തുവിന്റേതായ, ആത്മത്യാഗത്തിന്റെ പുനരാവിഷ്ക്കരണ ഉപകരണങ്ങളാണ്. ഈ കൂട്ടായ്മ പൂർണ്ണതയിൽ എത്തുന്നത്, ഉത്ഥിതനായ യേശുവിന്റെ, പരിശുദ്ധാരൂപിയുടെ പ്രചോദനത്താൽ പുലരുന്ന സഭയിലാണ്. 'ഈ ശരീരത്തിലൂടെ ക്രിസ്തുവിന്റെ ജീവൻ വിശ്വാസികളിലേക്ക് പ്രവഹിക്കുന്നു. അവർ കൂദാശകൾ മുഖേന ക്രിസ്തുവിനോട്—പീഡകൾ സഹിക്കുകയും മഹത്വം പ്രാപിക്കുകയും ചെയ്ത ക്രിസ്തുവിനോട് — അദൃശ്യമായി, എന്നാൽ യഥാർത്ഥമായി സംയോജിച്ചിരിക്കുന്നു. ജ്ഞാനസ്നാനം വഴിയാണ് ക്രിസ്തുവിന്റെ സാദൃശ്യത്തിൽ നാം രൂപപ്പെടുന്നത്. എന്തെന്നാൽ ഒരേ ആത്മാവിൽ നാമെല്ലാവരും ഒരു ശരീരത്തിലേക്ക് ജ്ഞാനസ്നാനം വഴി സ്വീകരിക്കപ്പെട്ടിരിക്കുന്നു' (1 കൊറി. 12:13). ഈ വിശുദ്ധകർമ്മം ക്രിസ്തുവിന്റെ മരണത്തോടും ഉത്ഥാനത്തോടുമുള്ള നമ്മുടെ പങ്കുചേരലിന്റെ പ്രതീകവും യഥാർത്ഥീകരണവുമാണ്. 'ജ്ഞാനസ്നാനം വഴി നാം അവിടുത്തോടൊപ്പം മരിക്കുകയും സംസ്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. എന്നാൽ മരണത്തിൽ നാം അവിടുത്തോട് സദൃശ്യരായെങ്കിൽ ഉത്ഥാനത്തിലും നാം അവിടുത്തോട് സദൃശ്യരാകും' (റോമ. 6:4—5). ദിവ്യകാരുണ്യത്തിലൂടെ നാഥന്റെ ശരീരത്തിൽ പങ്കുപററിക്കൊണ്ട് നാം അവിടുത്തോട് ഐക്യം പ്രാപിക്കുന്നു; അതോടൊപ്പം മററുള്ളവരോടുള്ള ഐക്യവും.

malankaralibrary.com

'നാം പങ്കുകൊള്ളുന്നതു് ഒരേ അപ്പത്തിൽനിന്നു് ആയിരിക്കുന്നതുകൊണ്ടു്, നാം പലരാണെങ്കിലും ഒരു ശരീരമാണു്'' (1 കൊറി. 10:17). 'ഇങ്ങനെ നാമെല്ലാവരും അവിടുത്തെ ശരീരത്തിലെ അവയവങ്ങളായിതീന്നിരിക്കുന്നു' (1 കൊറി. 12:27). 'പലരെങ്കിലും നാം പരസ്പരം അവയവങ്ങളാണു്'' (റോമ. 12:5).[6]

ഓരോ വ്യക്തിയും ക്രൈസ്തവനായി അഭിഷിക്തനായിരിക്കുന്നതു്, ദൈവപിതാവിന്റെ ലോകത്തോടുള്ള അനന്തസ്നേഹം വെളിവാക്കുവാൻ അയയ്ക്കപ്പെട്ട തന്റെ തിരുക്കുമാരനായ യേശുവിന്റെ മനുഷ്യാവതാരവും മരണവും ഉത്ഥാനവും പ്രഘോഷിച്ചുകൊണ്ടു്,

ജീവിതത്തിലും മരണത്തിലും
നിരാശയിലും, നശ്വരതയിലും
നൊമ്പരത്തിലും വ്യഥയിലും
ആശയിലും ആകുലതയിലും
മൂർത്തതയിലും അമൂർത്തതയിലും

ക്രിസ്തുവിനെ കാണുവാനും അനുഭവിക്കുവാനും ആ അനുഭവം മററുള്ളവരുമായി പങ്കുവയ്ക്കുവാനും മറെറാരു ക്രിസ്തുവായിത്തീരുവാനും വേണ്ടിയാകുന്നു. 'ക്രിസ്തുനാഥന്റെ ഉയിർപ്പിനും ജീവിതത്തിനും സാക്ഷിയായിട്ടും ദൈവത്തിന്റെ സജീവമായ ആസ്തികൃത്തിന്റെ അടയാളമായിട്ടുമത്രേ ഓരോ അല്മായനും ലോകസമക്ഷം നിലകൊള്ളേണ്ടതു്. എല്ലാവരും ഒന്നുചേന്നും ഓരോരുത്തൻ തനിച്ചും ആദ്ധ്യാത്മി

6. ''തിരുസഭ.'' പേജ് 21.

malankaralibrary.com

കഫലങ്ങളാൽ ലോകത്തെ പോഷിപ്പിക്കുവാനും സുവിശേഷത്തിൽ കർത്താവ് അനുഗ്രഹീതരെന്നു വിളിക്കുന്ന (Cfr. മത്താ. 5:3--9). ദരിദ്രരിലും ശാന്തശീലരിലും സമാധാന കർത്താക്കളിലും നിറഞ്ഞുനില്ക്കുന്ന ആത്മീയചൈതന്യം അതിൽ വിസ്തൃതമായി പ്രചരിപ്പിക്കാനും ശ്രമിക്കണം (Cfr. ഗലാ. 5:12). ചുരുക്കിപ്പറഞ്ഞാൽ ശരീരത്തിന് ആത്മാവെങ്ങനെയോ അങ്ങനെയായിരിക്കണം ലോകത്തിനു ക്രൈസ്തവർ.'[7] അതേ ക്രൈസ്തവൻ, ക്രിസ്തുവിനെപ്പോലെ

ലോകത്തിന്റെ ദീപമാകുന്നു;
ഭൂമിയുടെ ഉപ്പാകുന്നു;
പാറമേൽ സംസ്ഥാപിക്കപ്പെട്ട
ഗേഹവുമാകുന്നു.

---

7. ''തിരുസഭ''. പേജ് 56.

malankaralibrary.com

# 2. ക്രിസ്തു: ജീവിതസായൂജ്യം

ആധുനിക ശാസ്ത്രയുഗത്തിൻെറ മനുഷ്യനു് അവനു തന്നെയും സങ്കീർണ്ണമായൊരു പ്രശ്നമുണ്ടു്. അവൻ തന്നോടുതന്നെ ചോദിക്കുന്നു: ''ഞാനാരാണു്? എവിടെനിന്നു വന്നു? എൻെറ അന്ത്യമെന്താണു്? ഞാൻ സ്വതന്ത്രനാണോ?'' എന്തിനും ഏതിനും അവൻ അർത്ഥവും ക്രിയാത്മകതയും അന്വേഷിക്കുകയാണു്; അവൻെറ അസ്തിത്വത്തിനുതന്നെയും! ശാസ്ത്രം ശൂന്യാകാശത്തേയും സൗരയൂഥത്തെത്തന്നെയും കീഴടക്കിയെങ്കിലും, സ്വയം അറിയുവാനുള്ള മനുഷ്യൻെറ അപ്രതിഹിതമായ ആഗ്രഹാഭിലാഷങ്ങൾ ഇന്നു് ഇതേവരേയും സാക്ഷാത്ക്കരിച്ചുകൊടുത്തിട്ടില്ല.

'മനുഷ്യൻ ആരായിരുന്നാലും അവൻ എത്രയോ സുന്ദരവും ആനന്ദവുമാണു്'' മോൾട്ടുമാൻ ചിന്തിച്ചു. അദ്ദേഹത്തോടൊപ്പം പല ചിന്തകരും മനുഷ്യനെന്ന പ്രതിഭാസത്തെ ലിപികളിൽ നിർവചിക്കുവാൻ കിണഞ്ഞു പരിശ്രമിച്ചിട്ടുണ്ടു്; അവൻെറ മുഖചിത്രം ചരിത്രത്തിൻെറ ക്യാൻവാസിൽ വിരചിക്കുവാൻ

malankaralibrary.com

ഛായങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. പക്ഷേ, 'മനുഷ്യ നെ'ന്ന പദത്തിന്റെ അർത്ഥവ്യാപ്തി തുലോം വിപുല മാകയാൽ പൂർണ്ണമായൊരു നിർവചനം നൽകുവാൻ കഴിഞ്ഞിട്ടില്ല ഇനിയും....എന്നാൽ അരിസ്റ്റോട്ടിലി ന്റെ മനുഷ്യൻ ചിന്തിക്കുന്ന മൃഗമാണ്. മനുഷ്യനെ മൃഗങ്ങളിൽനിന്നും വേർതിരിച്ചു കാണിക്കുന്ന ഒരു യാ ഥാർത്ഥ്യമാണ് അവന്റെ ചിന്താശക്തി. ഒരു കാരി നംകൊള്ളാത്ത വികാരമാണ് സാത്രിന്റെ മനുഷ്യൻ. മാർക്‌ഷേലറിന്റെ ശൈലിയിൽ മനുഷ്യന്റെ ബൗ ദ്ധികപ്രഭാവത്തിൽ ലോകത്തിൽ തനതായി തനി ക്കുപരി ഉയർത്തുന്ന ഒരു ജീവിയാണ്. മൈക്കൾ ലാൻഡ്മാന്റെ അഭിപ്രായത്തിൽ മനുഷ്യൻ സൃഷ്ടി കർത്താവാണ്; സംസ്കാരശില്പിയാണ്. മനുഷ്യനെന്ന പദം 'ചിന്തിക്കുക' എന്നർത്ഥം വരുന്ന സംസ്കൃതപദ സംജ്ഞയിൽനിന്നും ഉത്ഭവിച്ചതാണത്രേ. അതിനാൽ അവൻ ചിന്താശക്തിയുള്ളവനായിരിക്കുന്നു. മററുള്ള വർ ഈ പദസംജ്ഞയെ സമീകരിക്കുക, അഗാധത യിൽനിന്നും ഉന്നതങ്ങളിലേയ്ക്ക് ഉദ്ഗമിക്കുന്ന വ്യ ക്തിയായിട്ടാണ്. ലത്തീൻ ഭാഷയിൽ, 'മണ്ണ്', 'പൂഴി' എന്നർത്ഥം വരുന്ന ഹോമോ (HOMO) എന്ന പദമാണ് മനുഷ്യനുവേണ്ടി ഉപയോഗിക്കുന്നത്. ത ന്നിമിത്തം മനുഷ്യൻ മണ്ണിൽനിന്നും മെനഞ്ഞെടുക്ക പ്പെട്ടവനെന്നു പറയുന്നതിൽ തെല്ലും അതിശയോ ക്തിയില്ല. മനുഷ്യൻ അവനുതന്നെയും വിരോധാഭാ സമാണ്. കാരണം അവൻ മണ്ണിൽനിന്നും എടുക്ക പ്പെട്ടവനാണെങ്കിലും അവന്റെ വൈയക്തിക ചി ന്താശക്തിയിൽ എല്ലാററിനും അതിശായിത്വം ന ല്കുന്നു. മാനസിക സാന്ദ്രതയിലും ശാരീരിക സംഭര ണങ്ങളിലും ദൈവത്താൽ നിയോഗിക്കപ്പെട്ട മനുഷ്യൻ

malankaralibrary.com

വിശേഷാവകാശമുള്ള വ്യക്തിയാണ്, പ്രോർത്ത ഗോറസിൻെറ ചിന്താനുഭവങ്ങളിൽ. മനുഷ്യൻ, പരണാമത്തിൻെറ പ്രതിപുരുഷനല്ലാതെ മറെറാന്നുമല്ലാതായിട്ടാണ് ഹക്സിലി അഭിപ്രായപ്പെടുന്നത്. പ്രകൃതിയുടെ ആകസ്മികമായുള്ള നിർദ്ധാരതയിലെ ഏകീകരണാത്മകതയുടെ പൂർത്തീകരണമാണ് ഡാർവ്വിൻെറ മനുഷ്യൻ.

എന്നാൽ ക്രൈസ്തവവീക്ഷണത്തിലെ മനുഷ്യൻ ശരീരത്തോടും ആത്മാവോടുംകൂടിയ മനനശക്തിയുള്ള ദൈവത്തിൻെറ സൃഷ്ടിയാണ്. പ്രപഞ്ചസൃഷ്ടിയിൽ അവൻ ഏററവും മാന്യതയുള്ള സൃഷ്ടിയും പ്രപഞ്ചവ്യന്യാസകേന്ദ്രവുമാണ്. 'ഉൽപത്തി'യിൽ മനുഷ്യൻ സൃഷ്ടിയുടെ രത്നച്ചുരുക്കമാണ്. അവിടെ അവൻ സമഗ്രതയിൽ അസ്തിത്വമുള്ള ജീവിയാണ്. ക്രിസ്തുവിൻെറ വെളിപാടിലൂടെ, അവൻ, തൻെറ ആത്യന്തികമായ വിധി എന്തെന്ന് അറിയുവാൻ കഴിവുള്ള വ്യക്തിയായി കാണപ്പെടുന്നു. അവൻ നരനായ ക്രിസ്തുവിൽ ഉത്ഥിതനായ മനുഷ്യനായി അസ്തിത്വത്തിലേക്കുവരുന്നു. ഈ പ്രപഞ്ചത്തിൽ മനുഷ്യനു സദൃശ്യനായി മറെറാരു ജീവിയും ഇല്ല. അത്രമാത്രം അതിൻെറ വ്യക്തിത്വം ദൈവകേന്ദ്രീകൃതമായിരിക്കുകയാൽ അവൻ ദൈവത്തിൻെറ സഹകാരിയും പങ്കാളിയുമാണ്.

ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ് മനുഷ്യൻ മററു പ്രപഞ്ചസൃഷ്ടികളേക്കാറം മഹോന്നതനായിരിക്കുന്നതു്. ഈ പദാർത്ഥികലോകത്തിൽ മനുഷ്യൻ ദൈവ

malankaralibrary.com

ത്തിൻെറ പ്രതിനിധിയായിരിക്കുന്നു. അതേസമയം അവനോട് ദൈവം ഇതേ ലോകത്തിൽവച്ചുതന്നെ 'ഞാൻ — നീ' ബന്ധത്തിലൂടെ അഭിമുഖസംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നു. നിത്യസ്വരൂപനായ ദൈവത്തിൻെറ മുന്നിൽ മനുഷ്യൻ പൊടിയും ചാമ്പലുമാണെങ്കിലും അവൻെറ സത്തയിൽ മൗലികമായി അന്തർലീനമായിരിക്കുന്ന 'ഞാൻ — നീ' ബന്ധം ദിവ്യമായിരിക്കുന്ന മാന്യതയും ശ്രേഷ്ഠതയുമാണ്.

ദൈവത്തിൽനിന്നും വന്നവനും ദൈവത്തിൽ നിയതനാക്കപ്പെട്ടവനുമായിട്ടാണ് മനുഷ്യനെ പുതിയ നിയമം പ്രതിഷ്ഠിക്കുക. 'സോമാ' 'സൈക്കെ' 'ന്യൂമാ' എന്നിവയുടെ അവിഭാജ്യഘടകങ്ങളാൽ സംയോഗമാക്കപ്പെട്ട വ്യക്തിയാണ് മനുഷ്യൻ. സോമാ എന്നാൽ ശരീരമാണ്. വി. പോൾ സോമയെ നിർവചിക്കുക, കേവലം ശരീരമായിട്ടല്ല പ്രത്യുത മനുഷ്യവ്യക്തിയായിട്ടാണ്. ബുൾട്ട്മാൻ പറയുന്നത്, മനുഷ്യന് സോമയില്ല, എന്നാൽ അവൻ സോമതന്നെയാണ്. സൈക്കെ ഭൗതികമാത്രജീവനാകുമ്പോൾ ന്യൂമാ ജീവാരൂപി അല്ലെങ്കിൽ ജീവിതനിയമമായിരിക്കുന്ന മൃത്യുവിനുശേഷം ജീവിക്കുന്ന ജീവാരൂപിയെന്നാണ്.

മനുഷ്യന് ഭൂമിയിൽനിന്നും എടുക്കപ്പെട്ട ഒരു ശരീരവും അതിന് സർവ്വാതിശായിത്വം നൽകുന്ന അരൂപിയായ ആത്മാവുമാണ്. അങ്ങനെ പാദാർത്ഥികവും അരൂപിയുമായ സംയുക്തമായി വിശേഷിക്കപ്പെട്ടിരിക്കുന്ന ക്രൈസ്തവമനുഷ്യൻ ജീവിക്കുന്നൊരു

malankaralibrary.com

വിരോധാഭാസമായി അസ്തിത്വത്തിലായിരിക്കുന്നു. ആത്മാവു് അനന്തമാണു്. സ്രഷ്ടാവായ ദൈവത്തിൽ വിലയം പ്രാപിക്കുവാൻ വിധിക്കപ്പെട്ടതാണു്. ക്രൈസ്തവയുടെ കാഴ്ചയിൽ ഭൗതികതയിൽ അവൻ വ്യക്തിയായിരിക്കുമ്പോൾ, അതേ രീതിയിൽ സൃഷ്ടിയുമായിരിക്കുന്നു. പദാർത്ഥത്തെ അതിജീവിക്കുന്ന വ്യക്തി. സ്വയം അറിയുകയും അന്ത്യത്തിലേയ്ക്കു് സ്വയം നിയന്ത്രിക്കപ്പെട്ട വ്യക്തിയും. വ്യക്തിയെന്ന നിലയിൽ സമൂഹത്തിൽ ജീവിച്ചുംകൊണ്ടു് അവൻ തന്റെ അന്ത്യം സ്വാധീനിച്ചെടുക്കുന്നു. മനുഷ്യസമുദായത്തിനായി മലർക്കെ തുറന്നിട്ടിരിക്കുന്ന നന്മ കരസ്ഥമാക്കുവാൻ മററുള്ളവരുമായി അവൻ സമ്പർക്കത്തിലേപ്പെടുന്നു. വ്യക്തിയെന്ന നിലയിൽ അവൻ സമൂഹത്തിനു് കീഴ്പ്പെട്ടിരിക്കുന്നു. വ്യക്തിത്വത്തിൽ അവൻ സമൂഹത്തിനു മേലായി നിൽക്കുകയും ചെയ്യുന്നു.

ജീവിതം അനായാസവും സുഖപ്രദവുമാക്കുവാൻ ആധുനിക മനുഷ്യൻ ശാസ്ത്രത്തെ കാര്യക്ഷമതയോടെ വിനിയോഗിക്കുന്നു. പക്ഷേ അവൻ ഇപ്പോഴും ജീവിതത്തിന്റെ നീറുന്ന വേദനയിലും വ്യാധിയിലുമാണു് കഴിഞ്ഞുകൂടുന്നതു്. മനുഷ്യനെ സഹായിക്കേണ്ട ശാസ്ത്രം അവനെ ഭരിക്കുന്നു. മനുഷ്യനെന്ന വ്യക്തിയെ വെറുമൊരു വസ്തുവായി തരംതാഴ്ത്തി; യന്ത്രങ്ങളിൽ തിരിയുന്ന വെറുമൊരു പൽച്ചക്രമാക്കി. തന്മൂലം അവൻ നിരാശനാണു്; നിരാശ്രയനാണു്; നിസ്സംഗത അനുഭവിക്കുന്നവനാണു്. ഇതിനെല്ലാററിനും സമൂലമായൊരു പരിവർത്തനവും മാററവും സംജാതമാകണമെങ്കിൽ, മനുഷ്യൻ സന്തോഷവാനായി കാണപ്പെടണമെങ്കിൽ, അവൻ തന്റെ ഈ അതിദാരുണമായ സ്ഥിതിവിശേഷത്തിൽനിന്നും ഉയർന്നുപൊങ്ങണം.

malankaralibrary.com

ഈ ഉയൎന്നപൊങ്ങൽ അവൻെറ അസ്തിത്വനിലവാര ത്തിൽതന്നെ ആയിരിക്കേണ്ടതു് അനിവാര്യമാണു്. അവനു് തനതായൊരു ഏകാന്തതയും മഹനീയതയും വ്യക്'തിത്വവും ലഭിക്കണമെങ്കിൽ യഥാൎത്ഥമായൊ രു മനുഷ്യനായിത്തന്നെതീരണം. ഇതിനു് ഉന്നതമാ യൊരു വാഗ്'ദാനസാക്ഷാത്'ക്കാരമാണു് സ്നേഹമെ ന്ന ജീവിതരാഗാഭാവം. അതു് സംയോജകകണ്ണിയാ ണു്. തകൎച്ചയ്ക്കു് പുതിയൊരു പുനഃപ്രതിഷ്ഠയുമാണു്. സ്നേഹത്തിനു മാത്രമേ അപൂൎണ്ണതയ്ക്കു് പൂൎണ്ണത നൽ കാനാവൂ.

ക്രൈസ്തവവീക്ഷണത്തിൽ പ്രശ്'നസങ്കരമായ മ നുഷ്യനു് സമാധാനം കണ്ടെത്തുവാൻ സാധിക്കുക ലോകത്തിൽനിന്നു് വേദനയും വ്യഥയും തുടച്ചുമാററു വാൻ, ശരീരമെടുത്തു് ഭൂമിയിൽ അവതരിച്ച ക്രിസ്തു വിലല്ലാതെ മറെറാരു വ്യക്'തിയിലുമല്ല. ക്രിസ്'തു ദൈവപുത്രൻ മാത്രമല്ല പൂൎണ്ണനായ ഒരു മനുഷ്യൻ കൂ ടിയാണു്. ക്രൈസ്തവസ്'നേഹത്തിൻെറ പൂൎണ്ണവും സാകല്യവുമായ അവതാരമാണു്. മനുഷ്യനായ ക്രി സ്തുവിൽ ദൈവത്തിൻെറ മാഹാത്മ്യവും, മനുഷ്യൻെറ ആകുലതയും കഷ്ടപ്പാടും തീരാവേദനയും നിഴലിക്കു ന്നു. പാസ്'ക്കൽ പറയുന്നതുപോലെ മനുഷ്യൻെറ നീ ചത്വത്തെക്കുറിച്ചുള്ള ജ്ഞാനം നിരാശയെ സൃഷ്ടിക്കു ന്നു. എന്നാൽ ക്രിസ്തു ജ്ഞാനം ഇവകളുടെ മദ്ധ്യപാ തയാണു്. കാരണം ക്രിസ്തു ആനന്ദത്തിൻെറ ശ്രോത സ്സാണു്. ആ ആനന്ദം മനസ്സിൻെറ കടന്നുപോകുന്ന സ്ഥിതിയല്ല, അതു് സ്ഥായിത്വഭാവമാണു്. യഥാ ൎത്ഥമായ ആനന്ദം ക്രിസ്തുവുമായുള്ള ഒന്നാകലിൽ പൂൎണ്ണ ത നേടുന്നു. ഈ ഒന്നാകൽപ്രക്രിയ അവിടുത്തെ സ്നേ ഹത്തിൻെറ അനുരഞ്ജനത്തിൽ മാംസം ധരിക്കുന്നു.

malankaralibrary.com

# സഹായഗ്രന്ഥങ്ങൾ

Bauer, Johannes (ed). *Bauer Encyclopaedia of Biblical Theology* (Vol. ii). London: Sheed and Ward Press, 1970.

Eerfaux, L. *Christ in the Theology of Paul*. New York, 1959.

Cullmann, Oscar. *Christology of the New Testament*. London: SCM Press, 1967.

Desrochers, John. *Christ the Liberator*. Bangalore: C. S. A., 1977.

Kung, Hans. *On being a Christian*. Glasgow: William Collins Sons & Co. Ltd., 1978.

Schille Seeckx, Edward. *Jesus: An experiment in Christology*. New York: The Seabury Press, 1979.

Schweitzer, Albert. *The Quest for Historical Jesus*. London: Adam & Charles Black, 1910.

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# സന്ദേശനിലയം പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| വി. ഗ്രന്ഥത്തിന് ആമുഖം | | 4.00 |
| അന്വേഷണങ്ങൾ | — റവ. ഫാ. തോമസ് മററപ്പള്ളി | 4.50 |
| ഗിരിപ്രഭാഷണം | — എം. ഒ. ജോസഫ് | 5.00 |
| കേരളസഭാചരിത്രം | — റവ. ഫാ. ജേക്കബ് നെല്ലിക്കുന്നത്ത് & ശ്രീ കെ. ജെ. മാത്യു കാവാലം | 3.50 |
| മൗലികസത്യങ്ങൾ - 3 ഭാഗങ്ങൾ | — റവ. ഫാ. മാത്യു നടയ്ക്കൽ | 15.00 |
| പഴയനിയമസംഹിത — | ,, | 15.00 |
| ബൈബിൾ ഗാനസാഹ്യം | — ബേബി ജോൺ ഭാഗവതർ | 7.00 |
| തിരുക്കർമ്മഗാനസ്വരക്രമം | ,, | 7.00 |
| സംഗീതബോധിനി | ,, | 10.00 |
| ആരാധനാഗീതങ്ങൾ | ,, | 2.00 |
| ആരാധനക്രമത്തിന് ആമുഖം | — റവ. ഫാ. ജോസഫ് പെരുന്തോട്ടം | 3.00 |

## English Books

| | | |
|---|---|---|
| A Study on the Syro-Malabar Liturgy | — *Rev. Dr. G. Vavanikunnel* | 4.00 |
| Four Essays on the Pre-Seventeenth Century Church of the St. Thomas Christians | — *Rev. Fr. Placid J. Podipara CMI* | 2.00 |
| In Search of Oriental Catholicity | — *John Madey* | 4.00 |
| Homilies & Interpretation of the Holy Qurbana | *Theodore of Mopsueltia, Narsai, Gabriel Qatraya Bar Lipah* | 4.50 |

malankaralibrary.com